
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 നവംബർ 27 | ദീപം 58 | നാളം 38 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

## അറിയണം നമ്മൾ

# അദ്ഭുതജീവിതത്തിന്റെ രുചിക്കൂട്ടുകൾ




ജോസ് വഴുതനപ്പിള്ളി


ജീവിതം വിലപ്പെട്ടതാണ് എന്നൊരു തോന്നൽ വേണമെങ്കിൽ നാം ദിനന്തോറും കണ്ണുതുറക്കുന്നത് പുതുമയുള്ള കാഴ്ചകൾ കണ്ടുകൊണ്ടാവണം. സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. അതിനിടയിൽ അല്പം ഭക്ഷണം, പിന്നെ വിശ്രമം. ഒരേ ദിനചര്യകൾ നാം തുടർക്കഥയാക്കുന്നു. വെറുതെ വിരസമായ ഒരു സാധാരണദിവസത്തിലേക്കു വീണ്ടും വഴുതിവീഴുക എന്ന ബോറൻ അവസ്ഥയല്ല ജീവിതം.

അമൂല്യമായ ഫലങ്ങളുളവാക്കുന്ന അദ്ഭുതങ്ങൾക്കു നാം വാതിൽ തുറക്കണം, പുത്തനനുഭവങ്ങൾക്കായി. അതുണർത്തുന്ന സദ്ഭാവനകൾ അനവധിയാണ്.

നമ്മെ വിസ്മയത്തുമ്പത്തു കൊണ്ടുചെന്നിരുത്തുന്ന ഒരു മാജിക് ഷോ കാണുമ്പോൾ നമുക്ക് ഉൾക്കാമ്പിലുണ്ടാകുന്ന അപാരമായ ഒരു വികാരമുണ്ട്. അതുപോലെ ചില അദ്ഭുതക്കാഴ്ചകൾ ദിനംപ്രതി ഒരുക്കാനായാൽ നമ്മുടെയുള്ളിൽ സന്തോഷം നിറയുമെന്നതാണു സത്യം. അപ്രതീക്ഷിതമായി നാം നമ്മുടെ ഒരു സതീർഥ്യനെ വർഷങ്ങൾക്കുശേഷം അവിചാരിതമായി ഈഫൽ ടവറിന്റെ താഴെ പാരീസിൽവച്ചു കാണുമെങ്കിൽ നമുക്കൊരു വലിയ ആഹ്ലാദമുളവാകും. നിങ്ങളുടെ മകൾ മൊണാഷ് യൂണിവേഴ്സിറ്റിയിലാണ് പഠിക്കുന്നതെന്നു വിചാരിക്കട്ടെ. അവിചാരിതമായി നിങ്ങൾ ട്രെയിനിൽ പരിചയപ്പെടുന്നയാൾ പറയുകയാണ് എന്റെ മകളും മൊണാഷിൽത്തന്നെയെന്ന്. അതു കേൾക്കുമ്പോൾ ആശ്ചര്യവും സന്തോഷവും ഒരുമിച്ചെത്തും.

അങ്ങനെ വീണുകിട്ടുന്ന അദ്ഭുതങ്ങൾ മാത്രം പോരാ നമുക്ക്. ചില അദ്ഭുതക്കാഴ്ചകൾക്കു നാം സ്വയം വേദിയൊരുക്കണം. നമ്മുടെ കുടുംബാംഗങ്ങളെ ഈ അദ്ഭുതങ്ങളിലേക്കു നയിക്കണം. ഉദാഹരണത്തിന്, സാധിക്കുന്നവർക്കു സിസ്റ്റെയ്ൻ ചാപ്പലോ, നയാഗ്രാവെള്ളച്ചാട്ടമോ താജ്മഹലോ കാണിച്ചുകൊടുക്കാം. പാദുവായിലെ വിശുദ്ധ അന്തോനീസിന്റെ കബറിടത്തിൽ അവരോടൊപ്പം മുട്ടുകുത്താം.

അപ്രതീക്ഷിതമായുണ്ടാകുന്ന അദ്ഭുതങ്ങളെക്കുറിച്ചു ലെയന്ന രെന്നിങ്ങേർ ഒരു രസകരമായ പുസ്തകം എഴുതിയിട്ടുണ്ട് അതിൽ അവർ വാദിക്കുന്നതിതാണ്: അദ്ഭുതങ്ങൾ, അത്തരമനുഭവങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഓജസ്സും ചൈതന്യവും വർദ്ധിപ്പിക്കും. ഒരു വിസ്മയത്തിന്റെ മേമ്പൊടി നമ്മുടെ നിത്യജീവിതത്തിൽ – ഓഫീസിലും ഇതരബന്ധങ്ങളിലും – സൃഷ്ടിക്കാനാകുമെന്നാണ് അവർ പറയുന്നത്. അതുമൂലം ജീവിതവഴികളിൽ കൂടുതൽ ആഹ്ലാദവും ഉന്മേഷവും നിറയ്ക്കാനാവും, അലസമായ നമ്മുടെ ദൈനംദിനജീവിതത്തിൽ അതു വരുത്തുന്ന മാറ്റങ്ങൾ അളവറ്റതാണ്. സുഹൃത്ബന്ധങ്ങൾ, സാഹിത്യം, പ്രണയം, ബിസിനസ് ഇതിലെല്ലാംതന്നെ ശുഭകരമായ ഉത്തരം കണ്ടെത്താൻ ചില 'സർപ്രൈസ്' രുചിക്കൂട്ടുകൾവേണം.

കഴിഞ്ഞ ഓണത്തിന് ഒരു ഡിസ്ട്രിക്ട് കളക്ടർ തന്റെ സഹപ്രവർത്തകർക്കൊപ്പം നൃത്തച്ചുവടുകൾവച്ചു. ഇനി ഓണക്കാലത്തെതന്നെ മറ്റൊരു സംഭവം. കൃഷ്ണകുമാറിന് അത്യാവശ്യമായി മുംബൈയ്ക്കു പോകണം. വീട്ടിലുള്ള മറ്റുള്ളവരൊക്കെ ഓണം പ്രമാണിച്ചു നാട്ടിൽ പോയിരിക്കുകയായിരുന്നു. യാത്രയ്ക്കിറങ്ങുന്നതിനു തൊട്ടുമുമ്പ് അയാൾ ശ്രദ്ധിച്ചു: ഒരു വാഴക്കുല പറമ്പിൽ അങ്ങനെ പഴുത്തുനിൽക്കുന്നു. അയാൾ പിന്നെ ഒന്നും ആലോചിച്ചില്ല. കുലവെട്ടി ഒരു കാർട്ടണിലാക്കി അതുമായി ട്രെയിൻ കയറി. പിറ്റേന്നു രാവിലെ നോക്കിയപ്പോൾ പഴം നന്നേ പഴുത്തിട്ടുണ്ട്. അയാൾ അതു കമ്പാർട്ട്മെന്റിൽ ഉടനീളം നടന്ന് എല്ലാവർക്കും വെറുതെ വിതരണം ചെയ്തു. അതൊരു വലിയ സൗഹൃദത്തിനു കാരണമായി. ട്രെയിനിറങ്ങുമ്പോൾ എല്ലാവരുംതന്നെ സ്നേഹത്തോടെ യാത്ര പറയുന്നുണ്ടായിരുന്നു. അങ്ങനെ ആരും ചെയ്യാത്ത ചില കാര്യങ്ങൾ ചെയ്യുമ്പോൾ അതുവഴി സൃഷ്ടിക്കപ്പെടുന്ന 'ഗുഡ് വില്ലി'ന് ഒരളവുമില്ല.

### തലച്ചോറിലെ മാറ്റം

വിസ്മയങ്ങൾ നമ്മുടെ തലച്ചോറിലെ 'ഡോപമിനെ' ഉത്തേജിപ്പിച്ചു നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിക്കാനും വ്യക്തമായി കാണാനും നമ്മുടെ പരിതഃസ്ഥിതികളെ പുതിയ രീതിയിൽ പ്രചോദിപ്പിക്കാനും സഹായമാകും. അപ്രതീക്ഷിതമായതു സംഭവിക്കുമ്പോൾ നാം പെട്ടെന്ന് ഒരു നിമിഷം തരിച്ചുനിൽക്കും. എന്നിട്ടു തിരിഞ്ഞുനോക്കും. ഇതെങ്ങനെ സംഭവിച്ചു? എന്താണ് വാസ്തവത്തിൽ നടന്നത്? അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളാണെങ്കിൽ നമ്മുടെ കാഴ്ചപ്പാടിനു നാം മാറ്റങ്ങൾ വരുത്തും. നമുക്കനുഭവവേദ്യമായ കാര്യങ്ങൾ നാം അപ്പോൾ മറ്റുള്ളവരോടു പങ്കുവയ്ക്കാനും തുടങ്ങും.

നിരന്തരം പുതുമയുള്ള കാര്യങ്ങൾ ചെയ്ത് ഒരു വിസ്മയം സൃഷ്ടിക്കുമ്പോൾ നമ്മുടെ തലച്ചോറിനെ നല്ല രീതിയിൽ അതു സ്വാധീനിക്കും. അതുവഴി സന്തോഷം വർധിക്കും, ഓർമശക്തി മെച്ചപ്പെടും, ക്രിയാത്മകമായ ശക്തിയുണ്ടാകും, മനുഷ്യബന്ധങ്ങൾ മെച്ചപ്പെടും.

'ഡൊപമിൻ' എന്ന ആനന്ദോൽപാദനരാസവസ്തുവിനെ തുറന്നുവിടാൻ പെട്ടെന്നുണ്ടാകുന്ന വിസ്മയങ്ങൾ വഴിയൊരുക്കും. ഉണർവും ഉത്തേജനവും സുഖസന്തോഷവിചാരങ്ങളും ആവേശവും അതുണർത്തും. ജീവിതം രസകരമാക്കാൻ അതുമതി. തലച്ചോറിലെ 'ഹിപ്പോകാമ്പസ്' പുത്തനനുഭവങ്ങളുടെ ഒരു കണ്ടെത്തൽ ഉപാധിയാണ്. എന്തെങ്കിലും അവിചാരിതമായി സംഭവിക്കുമ്പോൾ അതു ശ്രദ്ധിക്കാൻ ബ്രെയിൻ സിഗ്നൽ നൽകുന്നു. അത് ഓർമയിൽ നിലനിർത്താനും ഇതുവഴി സാധിക്കും.

► 9

# ഒരുക്കത്തിന്റെ കാലം

'**ലൈഫ്**' മാഗസിൻ തിരക്കിട്ട് അതിന്റെ ക്രിസ്തുമസ് പതിപ്പു തയ്യാറാക്കുകയാണ്. നല്ലൊരു കവറേജു കിട്ടണം. അതിനു വേണ്ടി ഉണ്ണിയേശുവിന്റെ മനോഹരങ്ങളായ ഏതാനും ചിത്രങ്ങൾ കൂടിവേണം -പത്രാധിപസമിതി തീരുമാനിച്ചു. തിരുപ്പിറവിയുടെ ഏറ്റവും വർണശബളമായ അപൂർവചിത്രങ്ങളുള്ളത് വെനീസിലെ സാൻ റോക്കോ (San Rocco) യിലാണ്.



ഫാ. ജോസഫ് നെച്ചിക്കാട്ട്

റ്റിൻ റ്റൊറേറ്റോ (1518-1594) എന്ന കലാകാരന്റെ ലോകപ്രസിദ്ധങ്ങളായ ചിത്രങ്ങളാണവ. അതിലെ ചില സുന്ദരദൃശ്യങ്ങൾ പകർത്തിയെടുക്കുകതന്നെ. ലൈഫ് മാസികയ്ക്ക് അതു വേണം. അതിനായി അധികൃതർ തങ്ങളുടെ ഔദ്യോഗികഫോട്ടോഗ്രാഫറെ അങ്ങോട്ടയച്ചു.

ഫോട്ടോഗ്രാഫർ തിടുക്കത്തിൽ സ്ഥലത്തെത്തി. എല്ലാത്തരം സെറ്റിങ്സ് നടത്തിയും ലൈറ്റിട്ടും അതിലെ ദൃശ്യങ്ങൾ പകർത്താൻ പരീക്ഷണങ്ങൾ നടത്തി. പക്ഷേ, ഒന്നുപോലും വിജയിച്ചില്ല. തുടർന്നു പലവട്ടം പരിശോധിച്ചുനോക്കിയപ്പോഴാണ് ഒരു കാര്യം വ്യക്തമായത്: വിശ്വവിഖ്യാതങ്ങളായ ആ ചുവർചിത്രങ്ങൾ കഴിഞ്ഞ നാലഞ്ചു നൂറ്റാണ്ടുകളായി ആരാലും ശ്രദ്ധിക്കപ്പെടാതെ പൊടിപിടിച്ചും അഴുക്കുപുരണ്ടും വാർണീഷുപറ്റിയും അങ്ങനെ അലക്ഷ്യമായി കിടക്കുന്നു. എല്ലാം നിറം മങ്ങിപ്പോയി! അവസാനം നവീന സാങ്കേതികവിദ്യയായ പോളറോയിഡു ലൈറ്റിൽ ഏതാനും പടമെടുത്ത് അയാൾ മടങ്ങി.

ഈ സംഭവം അനുസ്മരിച്ചുകൊണ്ട് വളരെ വേദനയോടെ റോബർട്ടു ലുക്കോക്ക് എന്ന ഗ്രന്ഥകാരൻ ഇങ്ങനെയെഴുതി: "ഇതു തികച്ചും ഒരു പ്രതീകമല്ലേ? മനുഷ്യനുവേണ്ടി കന്നുകാലിത്തൊഴുത്തിൽ വരെ വന്നുപിറക്കാൻ തയ്യാറായ യേശുവിനും അവിടുത്തെ സുവിശേഷത്തിനും ഇന്നു സംഭവിച്ചിരിക്കുന്നതും അതുതന്നെയല്ലേ? അത്, പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിൽ ഭൗതികചിന്താഗതികളുടെയും അവനവനിസത്തിന്റെയും അഴുക്കും പൊടിയുംപിടിച്ച് നിറംമങ്ങി മറഞ്ഞുപോയിരിക്കുന്നു!"

യേശു പലർക്കും പലയിടങ്ങളിലും ഇന്ന് അപരിചിതനാണ്. എത്രയോ ജാഗരൂകതയോടെയാണു പിതാക്കന്മാർ തങ്ങളുടെ രക്ഷകനെ കാത്തിരുന്നത്? പ്രവാചകന്മാർ പ്രതീക്ഷ പകർന്നത്? സമയത്തിന്റെ പൂർണതയിൽ എത്തിച്ചേർന്ന ആ ദൈവസുതനെപ്പറ്റിയല്ലേ മാലാഖാമാർ ആനന്ദഗാനം ആലപിച്ചത്: 'അത്യുന്നതങ്ങളിൽ... ഭൂമിയിൽ മനുഷ്യർക്ക്...'

എന്നിട്ടും, ഇന്ന് ആ രക്ഷകനെ മനസ്സിലാക്കാൻ, സ്വീകരിക്കാൻ എത്രപേർക്കു സാധിക്കുന്നുണ്ട്?

ക്രിസ്തുമസ്കാലം ഇന്നു പലർക്കും അവധിദിവസങ്ങളാണ്. ആ ദിവസങ്ങളിൽ തിന്നുകുടിച്ചുനടക്കണമെന്നല്ലാതെ ക്രിസ്മസിന്റെ അന്തഃപ്പുരങ്ങളിലേക്കു കടക്കാൻ അധികമാർക്കും താത്പര്യമില്ല. ആദിമക്രിസ്തുമസിന്റെ അരൂപി അവർക്കന്യമാണ്.

ആഗമനകാലം (Advent) എന്ന വാക്കിന്റെ അർഥംപോലും അറിഞ്ഞുകൂടാത്തവരാണു പലരും. Fifty Years of Christmas എന്ന തന്റെ ഗ്രന്ഥത്തിൽ മാർഗരറ്റ് ലീ പറയുകയാണ്: Advent, Adventure എന്നീ വാക്കുകൾ ഒരേ മൂലത്തിൽനിന്നാണ് ഉദ്ഭവിക്കുന്നത്. "Advent must be a season for christian adventure." ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അതു സാഹസികതയുടെ, വെല്ലുവിളിയുടെ ഒരു കാലഘട്ടമാണ്-ക്രിസ്മസിന്റെ ഉൾപൊരുളിലേക്കു കടന്നുവന്നുകൊണ്ട് ആത്മബലിയർപ്പിക്കാൻ, യേശുവിന്റെ പിന്നാലെ പോകാൻ മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ദിവസങ്ങൾ!

അവിടെയാണ് അപചയങ്ങളുടെ ആരംഭം. നാം ഒരുങ്ങേണ്ട കാലമാണത്-രക്ഷകനെ സ്വീകരിക്കാൻ ബോധപൂർവം തയ്യാറാകേണ്ട കാലഘട്ടം. അത് ഒന്നുമല്ലാതായി കരുതപ്പെടുന്നിടത്താണ് ഒന്നാമത്തെ പരാജയം. ഇതു പറയുന്നത് സുപ്രസിദ്ധ സുവിശേഷപ്രസംഗകനായ ജോൺ ബ്രോക്ക് ഹോഫ് ആണ്.

സമാധാനത്തിന്റെ രാജാവിനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിച്ചു പ്രതിഷ്ഠിക്കാൻ നാം സമയം കണ്ടെത്തിയേ തീരൂ. പക്ഷേ, ആഗമനകാലം അധികം പേർക്കും പ്രശ്നമാകാറില്ല. അവരുടെ ഡയറിയിൽ അങ്ങനെയൊന്നും അടയാളപ്പെടുത്തിയിട്ടുമുണ്ടാകില്ല. എങ്കിലും, അതിന്റെ അവസാനം എന്തുവന്നാലും ശരി അസ്സൽ ആഘോഷമാകണം. അതിനു യാതൊരു കുറവും വരാൻ പാടില്ല! ക്രിസ്തുമസ് ആ വക ആഘോഷങ്ങൾക്കൊരു നിമിത്തം - അത്രയേയുള്ളൂ. പലർക്കും ഈസ്റ്റർ ആഘോഷങ്ങളും അങ്ങനെയൊക്കെത്തന്നെ. നോമ്പ് ഒരു വിഷയമല്ല-നോമ്പുവീടൽ മതി.

എത്രയോ കൃത്യതയോടും ചിട്ടയോടുംകൂടിയാണു നമ്മുടെ ഹൈന്ദവസഹോദരങ്ങൾ ശബരിമലയ്ക്കു പോകാനൊരുങ്ങിയിറങ്ങുന്നതും അയ്യപ്പദർശനത്തിനു



നീങ്ങുന്നതും. 41 ദിവസത്തെ ഉഗ്രതപസ്സിനും ഒരുക്കത്തിനുംശേഷമാണ് ആ തീർഥാടനം. ഈ കാലയളവു മുഴുവൻ വസ്ത്രധാരണത്തിലും അന്നപാനാദികളിലും 'ശാരീരിക നോമ്പിലും' കടുത്ത ചിട്ടയും നിഷ്ഠയുമൊക്കെയുണ്ട്. എത്ര തണുപ്പുണ്ടെങ്കിലും അതിരാവിലെ തണുത്തവെള്ളത്തിൽ കുളിച്ച് അമ്പലത്തിൽ പോയി നാമകീർത്തനം നടത്തിയിട്ടേ അടുത്ത പരിപാടിയുള്ളൂ. അതിന്റെയെല്ലാം അവസാനമാണ് ശബരിമലയ്ക്കുള്ള യാത്ര. എന്തുവന്നാലും ശരി ശബരിമലയിലെത്തിയിട്ടേ മടങ്ങൂ; അയ്യപ്പനെ കണ്ടിട്ടേ അടങ്ങൂ.

ഏതാണ്ട് അതുപോലെതന്നെയാണ് മുസ്ലീമുകൾ റംസാൻനോമ്പ് ആചരിക്കുന്നതും. സാധാരണ ഭക്ഷണം കഴിക്കാറുള്ള പകൽസമയത്ത് അവർ ഒന്നും കഴിക്കുകയില്ല-ഒരിക്കൽപ്പോലും. എല്ലാറ്റിന്റെയും പരിസമാപ്തിയിലാണു പെരുന്നാൾ -ഷവാൽമാസം ഒന്നാം തീയതി നടത്തപ്പെടുന്ന ഈദുൽ ഫിത്തർ ആഘോഷങ്ങൾ! റംസാൻ പ്രശ്നമല്ലാത്തവന് ഈദുൽ ഫിത്തർ വിഷയമാകാൻ പാടുണ്ടോ?

ഏതാണ്ട് മേൽപറയപ്പെട്ടവരെപ്പോലെ ക്രിസ്മസ് ആചരിക്കുന്ന ഒരു കൊച്ചുരാജ്യത്തെപ്പറ്റി ചാൾസ് കോള്ളർ എന്ന ഗ്രന്ഥകാരൻ എടുത്തു പറയുന്നുണ്ട്-ഐസ്ലാൻഡാണ് ആ രാജ്യം. അവിടെയുള്ളവർ ആഗമനകാലം തുടങ്ങുമ്പോഴേ തങ്ങളുടെ വീടും പരിസരവും വൃത്തിയാക്കുകയും നവീകരിക്കുകയും ചെയ്യും. വിശുദ്ധജീവിതത്തിന്റെയും ഹൃദയപരിവർത്തനത്തിന്റെയും പ്രതീകമായിട്ടാണത്. തർക്കങ്ങൾ പരിഹരിക്കാനും ബന്ധങ്ങൾ മെച്ചപ്പെടുത്താനും ഉപവസിച്ചു പ്രാർഥിക്കാനും മറ്റുമായിരിക്കും അവർ ഈ കാലഘട്ടം വിനിയോഗിക്കുക. കുടുംബക്കൂട്ടായ്മകളും യോഗങ്ങളും മുടക്കംവരുത്താതെ നടത്തും. ദൈവം വിഭാവനം ചെയ്തുപോലെയുള്ള ഒരു ക്രിസ്മസ് ആചരിക്കണമെന്ന് നിഷ്ഠയും ചിട്ടയുമുള്ള കൂട്ടർ!

Way to Happiness എന്ന ഗ്രന്ഥത്തിൽ ബിഷപ് ഫുൾട്ടൻ ഷീൻ ആഘോഷങ്ങളെയും അവയ്ക്കുമുമ്പേ അവശ്യം നടന്നിരിക്കേണ്ട ഉപവാസാനുഷ്ഠാനങ്ങളെയും അപഗ്രഥിക്കുന്നുണ്ട്. അദ്ദേഹം ചോദിക്കുകയാണ്: Fast അഥവാ, ഉപവാസം അനുഷ്ഠിക്കാത്തവന് Feast അഥവാ വിരുന്ന് ആസ്വദിക്കാനാവുമോ? ഇല്ല. അവനു Party Night ന്റെ പ്രത്യേകത പിടികിട്ടുകയില്ല.

നവംബർ 4-ാം തീയതിയാണ് അമേരിക്കയിൽ Feast of Thanksgiving ആചരിക്കാറ്. ടർക്കിക്കോഴിയാണ് അന്നത്തെ പ്രത്യേകത. പക്ഷേ, എല്ലാദിവസവും ടർക്കിതന്നെ കഴിക്കുന്നവന് ആ ദിവസത്തിന്റെ പ്രത്യേകത അനുഭവപ്പെടുകയില്ല. പുതുവത്സരപ്പിറവിയിൽ അമേരിക്കയിൽ ഒരു വിസിൽ മുഴക്കാറുണ്ട്. എല്ലാ രാത്രിയിലും അങ്ങനെ ചെയ്താൽ ആ ദിവസത്തെ വിസിലിന് ഒരു പ്രസക്തിയുമുണ്ടാവില്ല. എപ്പോഴും മിഠായി വായിലിട്ടിരിക്കുന്ന കുട്ടിക്ക് തനിക്കു രൊക്കം കിട്ടിയ മിഠായിയുടെ രുചി ആസ്വദിക്കാനാവുമോ?

ഓരോ ആഹ്ലാദപ്രകടനത്തിന്റെയും ആരംഭത്തിൽ അഥവാ, അതിനു മുമ്പേ തന്നെ അനുഷ്ഠിച്ചിരിക്കേണ്ട ചില ആചരണങ്ങളും ആത്മപരിത്യാഗങ്ങളുമുണ്ട്. അടുത്തെങ്ങും അനുഭവപ്പെടാത്ത ഒന്നിനു വേണ്ടി ഒരുങ്ങിനീങ്ങുമ്പോഴേ അതിന്റെ ആസ്വാദ്യത അനുഭവവേദ്യമാകൂ.

ഉപവസിക്കാത്തവന് അഥവാ, നോമ്പ് ആചരിക്കാത്തവന് നോമ്പുവീടലിന്റെ വ്യംഗ്യഭംഗി ആസ്വദിക്കാനാവില്ലെന്നു മാത്രമല്ല അവകാശവുമില്ല. അവനെ സംബന്ധിച്ചിടത്തോളം അർഥരഹിതമായ ഒരു ആഘോഷാഭാസമായി അത് അധഃപതിക്കുന്നു. ഫുൾട്ടൻ ഷീൻ തറപ്പിച്ചു തന്നെ പറയുകയാണ്: ഉപവാസമില്ലാതെ ഉത്സവമില്ല - "No Feast without fast."

ഇന്ന് ആരെങ്കിലും ഈ സത്യം ജീവിതപ്രമാണമായി സ്വീകരിക്കാറുണ്ടോ? ജീവിതബാധ്യതകളുടെ മുമ്പിൽ അറച്ചുനില്ക്കുന്ന സംസ്കാരമാണ് നമ്മുടേത്. ശ്രീ ചങ്ങമ്പുഴയുടെ രമണൻ എന്ന കാവ്യത്തിൽ പ്രസിദ്ധമായ ഒരു ഈരടിയുണ്ടല്ലോ:

'എന്തു വന്നാലുമെനിക്കാസ്വദിക്കേണം
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം?'

അതിലുപരി വരുന്നതൊന്നും എന്റെ ബോധപരിധിയിലില്ല. അപരനോ? അവൻ പോയി തൂങ്ങിച്ചാവട്ടെ. എനിക്ക് അതും അവനും പ്രശ്നമല്ല.

മനുഷ്യജീവിതം സങ്കീർണമാണ്. അവിടെ അവകാശങ്ങൾ മാത്രമല്ല അപരനോടുള്ള ബാധ്യതകളുമുണ്ട്. "Right implies duty" (അവകാശം ചുമതലയും ഉൾക്കൊള്ളുന്നു) എന്ന കൊച്ചു വാചകത്തിന് താത്ത്വികമായ ആഴങ്ങളുണ്ട്. വിവാഹജീവിതത്തിന് സ്വകീയമായ സ്വാദും സൗരഭ്യവുമുണ്ടല്ലോ! സൗഗന്ധികസ്വർണമാണത്. പക്ഷേ, ഒപ്പം ഒഴിഞ്ഞുമാറാൻ പറ്റാത്ത ഒരുപിടി കടമകളുടെ കൂടാരവും.

അർഹതകൾ ബാധ്യതകളിലേക്കുള്ള ചൂണ്ടുപലകകളാണ്. അവകാശങ്ങൾ അവസാനിക്കുന്നിടത്ത് കടപ്പാടുകൾ ഉടലെടുക്കുന്നു. കടമകളില്ലാത്ത ഉടമകളുണ്ടാകാൻ പാടില്ല. 'ഫാസ്റ്റുവേണ്ട ഫീസ്റ്റുമതി' എന്ന ആശയഗതിക്കവിടെ ഇടമില്ല.

'ഫാസ്റ്റു വേണ്ട, ഫീസ്റ്റു മാത്രം മതി' എന്നു ചിന്തിക്കുന്ന ലോകത്തിലാണു നാം. അത് അതേപടി സാധിക്കാത്തതാണ് ആധുനികമനുഷ്യന്റെ അസ്വസ്ഥതയുടെ അടിസ്ഥാനകാരണം.

യഥാർഥ ക്രിസ്മസ് ചിത്രങ്ങൾ പണ്ടേ നിറം മങ്ങിപ്പോയി-പോളറോയിഡ് ലൈറ്റിൽപ്പോലും തെളിഞ്ഞുകിട്ടാനാവാത്ത വിധം.

ആദിമക്രിസ്മസ് ഇന്ന് നമ്മിൽനിന്ന് ഒത്തിരിയൊത്തിരി അകലെയാണ്. അതിന്റെ അരൂപിയും ആവേശവും ഏറ്റുവാങ്ങാൻ നാം ഇനിയും കാതങ്ങൾ പുറകോട്ടുപോകേണ്ടിവരും.

'ഫീസ്റ്റുവേണ്ട, ഫാസ്റ്റുമതി' എന്നുവരെ ചിന്തിച്ചവരാണ് യേശുവും അവിടുത്തെ പരിശുദ്ധരും. അതിന്റെയെല്ലാം പരകോടിയായിരുന്നു കാലിത്തൊഴുത്തിൽ കച്ചിപ്പുറത്ത് അരങ്ങേറിയ ആദ്യത്തെ ക്രിസ്തുമസ്-കാൽവരിയിൽ 'പൂർത്തിയാക്കപ്പെട്ട' അനന്തസ്നേഹത്തിന്റെ ആദ്യാവതരണം! ജീവിതത്തിൽ ദിശാബോധം നഷ്ടപ്പെടാതിരിക്കാൻ അവിടുത്തെ നക്ഷത്രശോഭ നമ്മെ സഹായിക്കട്ടെ.

□




# പെയ്തൊഴിയാത്ത ഓർമകൾ

ടി. ദേവപ്രസാദ്

**2025** ജൂൺ 24. കേരളനിയമസഭയുടെ ശങ്കരനാരായണൻതമ്പിഹാളിലെ പ്രൗഢമായ വേദിയിൽ കേരള നിയമസഭയിലെ കഴിഞ്ഞകാല ഓർമകൾ പെയ്തിറങ്ങുകയായിരുന്നു. കേരളനിയമസഭ ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികം കൊണ്ടാടുകയാണ്. കേരളനിയമസഭയുടെ മുൻസ്പീക്കർമാരുടെയും എം.എൽ.എ. മാരുടെയും പത്രപ്രവർത്തകരുടെയും നിയമസഭാ ഉദ്യോഗസ്ഥരുടെയും പ്രതിനിധികൾ കേരളനിയമസഭയിലെ അവരുടെ മറക്കാത്ത ഓർമകൾ അയവിറക്കുകയാണ്. സ്പീക്കർ എ.എൻ. ഷംസീറിന്റെ അതിഥിയായി കേരളനിയമസഭയിലെ ഇപ്പോഴത്തെ അംഗങ്ങൾ മാത്രമല്ല, മുൻ അംഗങ്ങളും പഴയകാല പത്രപ്രവർത്തകരും ഉദ്യോഗസ്ഥരും എല്ലാം ഈ പുണ്യാഘോഷത്തിലേക്കു ക്ഷണിക്കപ്പെട്ടിരുന്നു. വേദിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഓർമകൾ പങ്കുവയ്ക്കുന്നതു കേട്ടിരിക്കുമ്പോൾ ദീപികയുടെ പ്രതിനിധിയായി 1979 മുതൽ ഏതാണ്ട് മൂന്നു പതിറ്റാണ്ട് നിയമസഭാനടപടികൾ റിപ്പോർട്ട് ചെയ്തതിന്റെ ബാക്കിപത്രമായി മനസ്സിൽ അവശേഷിക്കുന്ന പെയ്തൊഴിയാത്ത ഓർമകൾ പലതും കാലഗണനയൊന്നുമില്ലാതെ കടന്നുവന്നു.



ഇ.എം.എസ്. നമ്പൂതിരിപ്പാട്



വി.എസ്. അച്യുതാനന്ദൻ



കെ.ആർ. ഗൗരിയമ്മ

ഞാൻ നിയമസഭാറിപ്പോർട്ടറായി എത്തുമ്പോൾ ചാക്കിരി അഹമ്മദുകുട്ടിയായിരുന്നു സ്പീക്കർ. തുടർന്ന് എ.പി. കുര്യൻ, എ.സി. ജോസ്, വക്കം പുരുഷോത്തമൻ, വി.എം. സുധീരൻ, വർക്കല രാധാകൃഷ്ണൻ, പി.പി. തങ്കച്ചൻ, തേറമ്പിൽ രാമകൃഷ്ണൻ, എം. വിജയകുമാർ, വീണ്ടും വക്കം പുരുഷോത്തമൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, ജി. കാർത്തികേയൻ, എൻ. ശക്തൻനാടാർ എന്നിവരുടെ കാലത്താണ് സഭയിൽ പോകുവാൻ അവസരം ലഭിച്ചത്. ആദ്യകാലത്തൊക്കെ രാവിലെ എട്ടരയ്ക്കെത്തിയാൽ സഭ പിരിയുന്നതുവരെ അവിടുണ്ടായിരുന്നു. പിന്നീട് സഹപ്രവർത്തകർ നിരവധിയായപ്പോൾ പ്രധാനദിവസങ്ങളിലോ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടാകുമെന്ന് ഉള്ളപ്പോഴോ മാത്രമായി റിപ്പോർട്ടേഴ്സ് ഗാലറിയിലെ സാന്നിധ്യം. പിന്നീട് പി. രാമകൃഷ്ണൻ, എം.ബി. രാജേഷ് എന്നിവരെ കടന്നാണ് ഇപ്പോൾ ഷംസീറിൽ എത്തുന്നത്.


ഒരു പുണ്യകർമ്മംപോലെ നടക്കുന്ന പ്രവൃത്തിയായിരുന്നു നിയമസഭാപ്രവർത്തനങ്ങൾ അന്ന്. നിയമവും ചട്ടവും കൃത്യമായി പാലിക്കപ്പെട്ടിരുന്നു. സഭ കൂടുന്ന സമയം സംബന്ധിച്ചുള്ള നിബന്ധനകളും കർക്കശമായി പാലിക്കപ്പെട്ടു. ഇക്കാര്യത്തിൽ, ഞാൻ കണ്ട സ്പീക്കർമാരിൽ കോൺഗ്രസിലെ വക്കം പുരുഷോത്തമൻ ഏറെ കർക്കശക്കാരനായിരുന്നു.

മറ്റു സ്പീക്കർമാർ എല്ലാവരുംതന്നെ സമയകാര്യത്തിൽ അയവുകൊടുത്തു. വർക്കല രാധാകൃഷ്ണന്റെ കാലത്താണ് സമയപരിധിയുടെ നിബന്ധനയിൽ വലിയ അയവുണ്ടായത്. വി.എം. സുധീരൻ സ്പീക്കറായപ്പോൾ ദിവസവും നിരവധി എം.എൽ.എ. മാർക്ക് സബ്മിഷൻ അവതരിപ്പിക്കുവാൻ അവസരം കൊടുത്തു, അതിനുമുമ്പ് സാധാരണദിവസങ്ങളിൽ ഒന്നോ രണ്ടോ സബ്മിഷനുകളും സഭ പിരിയുന്ന ദിവസം ഏറെ സബ്മിഷനുകളും അനുവദിക്കുന്ന രീതിയായിരുന്നു. സുധീരൻ ദിവസവും അവസരം കൂട്ടിയപ്പോൾ മന്ത്രിമാർക്കു കൂടുതൽ കഷ്ടപ്പെടേണ്ടി വന്നു.

നിയമനിർമ്മാണമല്ലാതെ പുണ്യപ്പെട്ട പല സംഭവങ്ങൾക്കും നിയമസഭ വേദിയായിട്ടുണ്ട്. മനസ്സിലേക്കു കടന്നുവന്ന ഏറ്റവും പുണ്യപ്പെട്ട ഓർമകളിൽ ഒന്നാണ് സഭ കൊണ്ടാടിയ ഭാരതസ്വാതന്ത്ര്യത്തിന്റെ 40-ാം വാർഷികം. 1987 ഓഗസ്റ്റ് 13 രാവിലെ ഒമ്പതിന് ഈ ഓർമയിൽ സഭയിൽ പ്രത്യേക സമ്മേളനം നടന്നു. സഭയിലെ അംഗങ്ങളിൽ പലരും സ്വാതന്ത്ര്യസമരസേനാനികളായിരുന്നു. അന്നു ജീവിച്ചിരുന്ന മിക്കവാറും സമരസേനാനികളെ സ്പീക്കർ ചടങ്ങിനു ക്ഷണിച്ചു. അവരെ ആദരിച്ചു സ്വീകരിച്ച് നിയമസഭാഗാലറിയിൽ ഇരുത്തി സഭാനടപടികളിൽ കാണികളാക്കി. അണ്ണൻ എന്ന് കക്ഷിഭേദമെന്യേ എല്ലാവരും വിളിച്ചിരുന്ന വർക്കല രാധാകൃഷ്ണനായിരുന്നു സ്പീക്കർ. സിപിഎംകാരായ സ്പീക്കർമാർക്ക് പാർട്ടിയുടെ വലിയ നിയന്ത്രണം ഉണ്ടായിരുന്നു എന്നാണ് എനിക്കു മനസ്സിലായിട്ടുള്ളത്.

നിയമനിർമ്മാണപ്രവർത്തനത്തെ ഒരു തപസ്യപോലെ കണ്ടിരുന്ന എത്രയോ മഹാരഥന്മാരെ കാണാനായി. നിയമനിർമ്മാണപ്രവർത്തനങ്ങളിൽ എൻ.ഐ. ദേവസിക്കുട്ടി, കെ.എം.മാണി, ടി.എം. ജേക്കബ്, കെ.സി. ജോസഫ് വർക്കല രാധാകൃഷ്ണൻ, വി.ഡി. സതീശൻ തുടങ്ങിയവർ നടത്തിയിട്ടുള്ള ഇടപെടലുകൾ, അവരുടെ നിർദേശങ്ങളുടെ കാമ്പ് മനസ്സിലാക്കാതെ പലപ്പോഴും വെറുതെ സമയം പാഴാക്കുന്നു എന്ന് ചിന്തിപ്പിച്ച അവസരങ്ങൾപോലുമുണ്ട്. എല്ലാ നിയമത്തിനും നൂറുകണക്കിനു ഭേദഗതികൾ, ഓരോന്നിനെയുംകുറിച്ച് ചെറിയ പ്രസംഗങ്ങൾ. പല നിയമങ്ങൾക്കും നിരാകരണപ്രമേയങ്ങൾ, മൂന്നാം വായനയിൽപോലും ഇടപെടലുകൾ. നിയമനിർമ്മാണത്തിൽ ഇടപെടുന്നതിനുള്ള ഒരവസരവും പാഴാക്കാത്തവരായിരുന്നു ഇവർ. ടി.എം. ജേക്കബിന്റെ നിയമസഭാപ്രവർത്തനങ്ങളിലെ വൈഭവത്തെ സി. അച്യുതമേനോൻ കലവറയില്ലാതെ വാഴ്ത്തിയിട്ടുണ്ട്.

നിയമസഭ വിളിച്ചുകൂട്ടപ്പെടുന്നത് സർക്കാർകാര്യങ്ങൾക്കായാണെങ്കിലും നിയമസഭയുടെ പ്രവർത്തനം എങ്ങനെ മാറണം എന്നു നിശ്ചയിക്കുന്നത് പ്രതിപക്ഷനേതാവായിരുന്നു. ഇ.എം.എസ്., കെ. കരുണാകരൻ, ടി. കെ. രാമകൃഷ്ണൻ, പി. കെ. വാസുദേവൻനായർ, ഇ.കെ. നായനാർ, ഏ.കെ. ആന്റണി, വി.എസ്. അച്യുതാനന്ദൻ, ഉമ്മൻചാണ്ടി എന്നിവർ പ്രതിപക്ഷനേതാക്കളായി സഭയിൽ തിളങ്ങുന്നതു കാണാനായിട്ടുണ്ട്. പ്രതിപക്ഷനേതാവിന് മന്ത്രിയുടെ റാങ്ക് ഉണ്ടെങ്കിലും ഇ.എം.എസ്., ടി.കെ. രാമകൃഷ്ണൻ എന്നിവർ മന്ത്രിയുടെ ആനുകൂല്യങ്ങൾ സ്വീകരിച്ചില്ല. ആദ്യമായി അവ സ്വീകരിച്ചത് കെ. കരുണാകരനാണ്. ഇതിനെ വിമർശിച്ചവരോട് കരുണാകരൻ പറഞ്ഞു: ഏലംകുളത്തു മനയിലെ സൗകര്യം ഒന്നുമില്ലാത്ത ഒരു പാവമാണു ഞാൻ. പ്രതിപക്ഷനേതാവിന്റെ യാത്രപ്പടി മന്ത്രിമാരുടേതിനേക്കാൾ കൂടുതലായതിനും കരുണാകരനു വിശദീകരണമുണ്ടായിരുന്നു: “20 മന്ത്രിമാരുടെ പ്രവൃത്തികൾ ഒറ്റയ്ക്കു നിരീക്ഷിക്കുന്നവനാണു ഞാൻ.” സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് നടത്തുന്ന വാക്കൗട്ടുകൾ 80 കളിൽപോലും അപൂർവസംഭവമായിരുന്നു. അതുകൊണ്ട് വാക്കൗട്ട് വലിയ വാർത്തയുമായിരുന്നു. 1990 കളുടെ അവസാനമായപ്പോൾ വാക്കൗട്ടില്ലാത്ത ദിവസങ്ങളില്ലാതായി. ബഹിഷ്കരണംപോലും സാധാരണമായി. നിയമനിർമ്മാണത്തിനായി തുടർച്ചയായി 34 മണിക്കൂറും 41 മിനിറ്റും സമ്മേളിച്ച ചരിത്രമുള്ള സഭയാണിത്.




വർക്കല രാധാകൃഷ്ണൻ




ടി.എം. ജേക്കബ്



കെ.എം. മാണി



ഉമ്മൻചാണ്ടി



ഇ.കെ. നായനാർ



എ.കെ. ആന്റണി

പൊതുപ്രവർത്തകരുടെ അഴിമതിനിരോധനനിയമം പാസാക്കുന്നതിനാണ് സഭ ഇങ്ങനെ സമ്മേളിച്ചത്. 1987 ഡിസംബർ 10,11, 12, 13 വ്യാഴം മുതൽ ഞായർ വരെയായിരുന്നു സമ്മേളനം. 1987 ഡിസംബർ 12 രാവിലെ എട്ടു മുപ്പതിന് ആരംഭിച്ച ചർച്ച പിറ്റേന്നു പുലർച്ചെ 4.35 നാണ് പൂർത്തിയായത്. ആയിരത്തിലധികം ഭേദഗതികളാണ് ഉണ്ടായിരുന്നത്. മിക്കവാറും എല്ലാ ഭേദഗതികളും അവതരിപ്പിക്കപ്പെട്ടു. ടി.എം. ജേക്കബ്, കെ.എം. മാണി, കെ. സി. ജോസഫ് എന്നിവരാണ് ഏറെ ഭേദഗതികൾ അവതരിപ്പിച്ചത്. കെ.ആർ. ഗൗരിയമ്മയാണ് ബിൽ പൈലറ്റ് ചെയ്തത്. എല്ലാ പ്രസംഗത്തിനും ഗൗരിയമ്മ വിശദമായി മറുപടി പറഞ്ഞു. വർക്കല രാധാകൃഷ്ണനായിരുന്നു ചെയറിൽ. ആ സമ്മേളനത്തിൽ ആദ്യാവസാനം പങ്കെടുത്ത പത്രലേഖകരിൽ ഒരാളാകാൻ എനിക്കും സാധിച്ചു.

ഓർമകൾ അടുക്കും ചിട്ടയുമില്ലാതെ കുതിച്ചെത്തുകയായി. കേരള നിയമസഭയുടെ നല്ല കാലത്ത് സഭാറിപ്പോർട്ടർമാരിൽ ഒരാളാകുവാൻ ദൈവം തന്ന നല്ല അവസരം ജീവിതത്തിലെ പുണ്യസ്മരണകളിൽ ഒന്നായി എന്നും തിളങ്ങും.

(തുടരും)




## ലക്ഷ്യബോധം വിജയത്തിന്

ഇംഗ്ലണ്ടിലെ ചാൻസലറായിരുന്ന തോമസ് ബെക്കറ്റിന്റെ മാതാപിതാക്കളെക്കുറിച്ച് ഒരു കഥയുണ്ട്. തോമസിന്റെ പിതാവായ ഗിൽബർട്ട് വിശുദ്ധനാടുകളിലേക്ക് ഒരു തീർഥയാത്ര നടത്തി. യാത്രയ്ക്കിടയിൽ സാരസൻ വംശജനായ ഒരു പ്രമാണി ഗിൽബർട്ടിനെയും അദ്ദേഹത്തിന്റെ സുഹൃത്തായ റിച്ചാർഡിയെയും തടവുകാരാക്കി.

തടവിൽ കഴിയുമ്പോൾ ഗിൽബർട്ടും പ്രമാണിയുടെ ഓമനപ്പുത്രിയും തമ്മിൽ അനുരാഗബദ്ധരായി. ഗിൽബർട്ടിനോടൊപ്പം ഒളിച്ചോടാനും മതം മാറി അദ്ദേഹത്തെ വിവാഹം കഴിക്കാനും പെൺകുട്ടി സന്നദ്ധത പ്രകടിപ്പിച്ചു.

എന്നാൽ, റിച്ചാർഡും ഗിൽബർട്ടും തടവുചാടിയപ്പോൾ തന്റെ പ്രേമഭാജനത്തെ കൂടെ കൊണ്ടുപോകാൻ ഗിൽബർട്ടിനു കഴിഞ്ഞില്ല. ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ അദ്ദേഹം അവളെ വീണ്ടും കാണാമെന്ന പ്രതീക്ഷയെ ഉപേക്ഷിച്ചു.

എന്നാൽ, എങ്ങനെയും അദ്ദേഹത്തെ കണ്ടെത്തണമെന്നായിരുന്നു കാമുകിയുടെ തീരുമാനം. പിതാവിന്റെ കണ്ണുവെട്ടിച്ച് അവൾ വീട്ടിൽനിന്നിറങ്ങി. ഏറെ ക്ലേശങ്ങൾ സഹിച്ചു തുറമുഖത്തെത്തിയ അവൾ ഇംഗ്ലണ്ടിലേക്കു യാത്ര ചെയ്യാൻ തയ്യാറായി. ‘ലണ്ടൻ’ ‘ഗിൽബർട്ട്’ എന്ന് രണ്ടേ രണ്ട് ഇംഗ്ലീഷ് പേരുകളേ അവൾക്ക് അറിയാമായിരുന്നുള്ളൂ. ‘ലണ്ടൻ, ലണ്ടൻ’ എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ടു തുറമുഖത്തു നിന്ന അവളെ ആരോ കപ്പലിൽ കയറ്റി ലക്ഷ്യസ്ഥാനത്ത് എത്തിച്ചു.

അവൾ അവിടെ എന്തു ചെയ്തെന്നോ? ‘ഗിൽബർട്ട് ഗിൽബർട്ട്’ എന്ന് ഉറക്കെവിളിച്ചുകൊണ്ട് ലണ്ടൻപട്ടണത്തിൽ അലയാൻ തുടങ്ങി. തെരുവിലൂടെ തന്റെ നാമം ഉരുവിട്ടുകൊണ്ട് ഉഴറിനടക്കുന്ന അവളെക്കുറിച്ച് ഒടുവിൽ ഗിൽബർട്ടും കേട്ടു. അദ്ദേഹം ഓടിച്ചെന്ന് അവളെ വാരിപ്പുണർന്നു. താമസിയാതെ അവർ വിവാഹിതരായി.

ഒരു ലക്ഷ്യബോധമുണ്ടെങ്കിൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനാകുമെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ.

# പൂന്തോട്ടത്തിലെ പൂക്കാവടിയായി വാർഷികപൂച്ചെടികൾ



പ്രൊഫ. ജേക്കബ് വർഗീസ് കുന്തറ

പൂക്കളുടെ പൂരവുമായി വാർഷിക പൂച്ചെടികൾ പൂന്തോട്ടത്തിനു നവയൗവനം നൽകുന്നു. നമ്മുടെ കാലാവസ്ഥയിൽ മഴ കഴിഞ്ഞുള്ള സമയത്താണ് ഏകവർഷപുഷ്പിണികൾ ഉദ്യാനത്തിൽ പൂക്കളുടെ വർണക്കാഴ്ച ഒരുക്കുക. ഉയരത്തിൽ വളരുന്നതും സാവധാനം പുഷ്പിക്കുന്നതുമായ പരമ്പരാഗത ജമന്തി, ഡാലിയ, വിൻക തുടങ്ങിയവയുടെ സ്ഥാനത്ത് കൂടുതൽ തിളക്കമാർന്ന പൂക്കളുമായി ഇവയുടെ നവീന മിനിയേച്ചർ, ഡ്വാർഫ് ഇനം ചെടികളാണ് ഇന്നു നട്ടുവളർത്തുക. മറിഞ്ഞുവീഴാതിരിക്കുവാൻ ചെടിക്കു താങ്ങു നൽകി ബലപ്പെടുത്തേണ്ട ആവശ്യമില്ല, കാറ്റത്ത് ഒടിഞ്ഞുവീഴുമെന്ന സംശയവും വേണ്ട. വിത്തു നട്ടാൽ എല്ലാംതന്നെ 40–60 ദിവസത്തിനുള്ളിൽ പൂവിടുന്നവ. ഉദ്യാനത്തിൽ പൂത്തടം തയ്യാറാക്കാൻ മരിഗോൾഡ്, സീനിയ, ടോറീനിയ, ഡയാന്തസ് തുടങ്ങിയവയുടെ കുള്ളൻ ഇനങ്ങൾക്ക് ആവശ്യക്കാർ ധാരാളമുണ്ട്. ഫ്ളവർ ഷോയുടെ അവിഭാജ്യഘടകവും മുഖ്യആകർഷണവുമാണ് വാർഷിക പൂച്ചെടികൾ കൊണ്ട് തയ്യാറാക്കുന്ന വർണകൂട്ടുകൾ.

**വിത്തു നട്ട് പൂത്തടം ഒരുക്കാം:**

ഏകവർഷപൂച്ചെടികളുടെ സങ്കരയിനങ്ങൾ എല്ലാംതന്നെ വിത്തുപയോഗിച്ചാണ് വളർത്തിയെടുക്കുക. വിപണിയിൽ ലഭ്യമായ അംഗീകൃത കമ്പനികളുടെ വിത്ത് ഇതിനായി തിരഞ്ഞെടുക്കാം. ഡാലിയ, മരിഗോൾഡ്, ഡയാന്തസ് ഇവയുടെയെല്ലാം പൂവിടാത്ത തലപ്പും നടീൽവസ്തുവായി പ്രയോജനപ്പെടുത്താം. ഡാലിയയുടെ മിനിയേച്ചർ ഇനം നട്ടുവളർത്താൻ വിത്തും ഉപയോഗിക്കാറുണ്ട്. പായ്ക്കറ്റ് വിത്ത് ഉപയോഗിക്കുമ്പോൾ പുറംചട്ടയിലുള്ള വിവരങ്ങൾ മനസ്സിലാക്കി കാലാവധി കഴിയാത്തതാണോയെന്ന് ഉറപ്പാക്കണം. സങ്കരപ്രവർത്തനത്തിലൂടെ തയ്യാറാക്കിയെടുത്ത നല്ലയിനം വിത്തിന് മുന്തിയ വില നൽകേണ്ടിവരും. പകരം ഒരേ ഇനത്തിന്റെ പല നിറങ്ങൾ കലർത്തിയുള്ള വിത്ത് മതിയാകും. പച്ചക്കറിവിത്ത് മുളപ്പിച്ചെടുക്കാൻ ഉപയോഗിക്കുന്ന പ്രൊട്രേയിൽ വാർഷികപൂച്ചെടികളുടെ വിത്തും നടാം. അല്ലെങ്കിൽ വെള്ളം വാർന്നുപോകാൻ ദ്വാരങ്ങളുള്ള പരന്ന പാത്രത്തിലുമാവാം. കുതിർത്തെടുത്ത ചകിരിച്ചോറും ആറ്റുമണലും കലർത്തിയെടുത്ത മിശ്രിതത്തിലാണ് വിത്തു പാകേണ്ടത്. വളം ചേർക്കേണ്ടയാവശ്യമില്ല. ചീയൽരോഗം തടയാൻ മിശ്രിതത്തിൽ സ്യൂഡോമൊണാസ് ലായനി (5 മില്ലി / ലിറ്റർ വെള്ളം) കലർത്താം.

സൂര്യകാന്തി ഒഴികെ മറ്റു പൂച്ചെടികളുടെ വിത്ത് താരതമ്യേന ചെറുതാണ്. സൂര്യകാന്തിയുടെ വലുപ്പമുള്ള വിത്ത് ആവശ്യമെങ്കിൽ സ്ഥിരമായി വളർത്താൻ ഉദ്ദേശിക്കുന്ന ചട്ടിയിലേക്കോ നിലത്തോ നേരിട്ടു നടാം. ചെറിയ വിത്തിനങ്ങൾ പ്രോട്രേയിൽ ഒരു കുഴിയിൽ ഒരെണ്ണം എന്ന വിധത്തിലും പരന്ന പാത്രത്തിൽ ആവശ്യത്തിന് അകലം നൽകി പാകാം. വിത്ത് പാകിയശേഷം നേരിയ കനത്തിൽ മിശ്രിതമിട്ടു മൂടണം. പെറ്റൂണിയ, ഫ്ലോക്സ് ഇവയുടെ തീരെ ചെറിയ വിത്ത് നേർത്ത ആറ്റുമണലുമായി കലർത്തിയശേഷം പരന്ന പാത്രത്തിൽ നേരിയ കനത്തിൽ വിതറണം. വിത്ത് വേഗത്തിൽ മുളയ്ക്കാൻ കൂടുതൽ ഈർപ്പവും ഊഷ്മാവും ആവശ്യമാണ്. ഇതിനായി സുഷിരങ്ങളുള്ളതും പ്രകാശം കയറുന്നതുമായ പ്ലാസ്റ്റിക്ഷീറ്റ് ഉപയോഗിച്ച് ട്രേയ്ക്ക് ആവരണം നൽകാം. മുളച്ചുതുടങ്ങിയാൽ ഷീറ്റ് നീക്കണം. മിശ്രിതത്തിൽ നേർത്ത ഈർപ്പം നിലനിർത്തുന്ന വിധത്തിൽ നന നൽകണം. വിത്തു പായ്ക്കറ്റ്, ആ വിത്ത് നട്ട ട്രേയോടു ചേർത്തു സൂക്ഷിച്ചുവച്ചാൽ മുളച്ചുവന്ന തൈകൾ ഏതിനത്തിന്റേതാണെന്ന് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. വിൻകയുടെ വിത്തു നട്ടാൽ 70 % മാത്രമേ മുളച്ചു വരൂ. എന്നാൽ ഡയാന്തസ്, സാൽവിയ ഇവയുടെ 90% വിത്തും മുളച്ചുവരും.

തൈകൾ 2–3 ഇലകളുമായി ആവശ്യത്തിനു വളർച്ചയായാൽ സ്ഥിരമായി വളർത്താനായി തയ്യാറാക്കിയിരിക്കുന്ന ചട്ടിയിലേക്കോ അല്ലെങ്കിൽ പൂത്തടത്തിനായി ഒരുക്കിയിരിക്കുന്ന നിലത്തേക്കോ മാറ്റി നടാം. ചെറിയ സ്പൂൺ ഉപയോഗിച്ച് വേരും ചുറ്റുമുള്ള മിശ്രിതവും ഉൾപ്പടെ തൈ ശ്രദ്ധാപൂർവം ഇളക്കിയെടുത്തുവേണം മാറ്റി നടാൻ. വെയിലാറിയശേഷം വൈകുന്നേരം പറിച്ചുനട്ടാൽ തൈകൾ വാടാതെ സംരക്ഷിക്കാൻ പറ്റും. വിത്തു പാകി വളർത്തിയെടുക്കാൻ ക്ഷമയില്ലാത്തവർക്ക് നഴ്സറികളിൽനിന്നു ലഭിക്കുന്ന പൂച്ചെടികളുടെ തൈകൾ വാങ്ങി നട്ടും പൂത്തടമൊരുക്കാം. പ്രാരംഭദശയിലെ രോഗനിയന്ത്രണത്തിനായി സാഫ് കുമിൾനാശിനി (1 ഗ്രാം/ലിറ്റർ വെള്ളം) മിശ്രിതത്തിൽ നൽകാം.

4–5 മണിക്കൂർ നേരിട്ട് കിട്ടുന്ന ഇടങ്ങളിലെല്ലാം ചട്ടിയിലും നിലത്തും ഏക വർഷപുഷ്പിണികൾ നന്നായി വളരുകയും പൂവിടുകയും ചെയ്യും. 6 ഇഞ്ച് വലുപ്പമുള്ള ചട്ടിയിൽ രണ്ടും, 8 ഇഞ്ച് വലുപ്പമുള്ള ചട്ടിയിൽ 3 ചെടികളും നട്ടുവളർത്താൻ പറ്റും. ഗുണനിലവാരമുള്ള ചകിരിച്ചോറ്, ചുവന്ന മണ്ണ്, ചാണകപ്പൊടി ഇവ ഒരേ അളവിൽ കലർത്തിയെടുത്തതിൽ അല്പം ബോൺമീൽകൂടി ചേർത്ത് മിശ്രിതം തയ്യാറാക്കാം. പൂത്തടത്തിലേക്കു തൈകൾ മാറ്റിനടുന്നതിനു മുമ്പ് തടമുണ്ടാക്കുവാൻ ഉദ്ദേശിക്കുന്നിടത്തുനിന്നും അര അടി കനത്തിൽ മേൽമണ്ണ് നീക്കം ചെയ്ത് പകരം ചട്ടി നിറയ്ക്കാൻ തയ്യാറാക്കുന്ന മിശ്രിതം നിറയ്ക്കണം. മാറ്റിനട്ടശേഷം ചെടി വാടാൻ അനുവദിക്കാത്ത വിധത്തിൽ നന നൽകണം.










**പരിപാലനം:**

തൈകൾക്ക് 4–5 ഇലകളായാൽ തണ്ടിൽ മുട്ടാത്തവിധത്തിൽ ഡി.എ.പി അല്ലെങ്കിൽ 18:18:18 രാസവളം രണ്ടാഴ്ചയിലൊരിക്കൽ നൽകാം. കൂടാതെ വെള്ളത്തിൽ പൂർണമായി ലയിക്കുന്ന 19:19:19 രാസവളം (2 ഗ്രാം / ലിറ്റർ വെള്ളം) ചെടി മുഴുവനായി തളിച്ചുകൊടുക്കാം. വിൻക, ഡയാന്തസ്, ആസ്റ്റർ, സാൽവിയ, ഫ്ലോക്സ് തുടങ്ങി പല വാർഷികയിനങ്ങളും ആവശ്യത്തിനു വളർച്ചയായാൽ അധികമായി പൂവിടുവാൻ കൂമ്പു നുള്ളി മാറ്റുന്നതു സഹായിക്കും. എന്നാൽ, കോക്സ് കോംബ്, ബാൾസം ഇവയിൽ കൂമ്പു നുള്ളുന്നത് ചെടിയുടെ വളർച്ചയെ സാരമായി ബാധിക്കും. രോഗ-കീട ബാധയിൽനിന്നും സംരക്ഷിക്കാൻ രണ്ടാഴ്ചയിലൊരിക്കൽ കോൺഫിഡോർ (1/2 മില്ലി / ലിറ്റർ വെള്ളം), കോൺടാഫ് + (1 മില്ലി/ലിറ്റർ വെള്ളം) ഇവ ചെടി മുഴുവനായി നൽകണം. പ്രകൃത്യാ ദുർബലരായ വാർഷിക പൂച്ചെടികൾക്ക് വളവും കീടനാശിനിയും വെയിലുള്ള സമയത്ത് ഉപയോഗിക്കാതെ ശ്രദ്ധിക്കണം.

ഇലയിലും പൂവിലും വീഴാതെ ചുവട്ടിൽ മാത്രം നനയ്ക്കുക. പെറ്റൂണിയ, ഫ്ലോക്സ് ഇവ രണ്ടും നന കുറഞ്ഞാൽ വേഗത്തിൽ വാടും, അധികമായാൽ ചീയൽരോഗം വന്നു നശിച്ചുപോകുകയും ചെയ്യും. ആസ്റ്റർചെടിയിൽ പൂക്കൾ മറ്റ് വാർഷികയിനങ്ങളുടെ അപേക്ഷിച്ച് കൂടുതൽ നാൾ വാടാതെ നിൽക്കും. വാർഷികപൂച്ചെടികളിൽ പൂക്കൾ വിരിയുന്നത് സാവകാശമാക്കാൻ തണൽവലകൾ കെട്ടി സൂര്യപ്രകാശം നിയന്ത്രിച്ചാൽ മതി. ഫ്രഞ്ച് മാരിഗോൾഡിനെ അപേക്ഷിച്ച് ആഫ്രിക്കൻ മാരിഗോൾഡിന്റെ പൂക്കൾക്കാണ് കൂടുതൽ വലുപ്പവും ഗോളാകൃതിയുമുള്ളത്. ഇവ രണ്ടും ചെറുതായിരിക്കുമ്പോൾത്തന്നെ തണ്ടിന്റെ നിറം നോക്കി തിരിച്ചറിയാം. ഫ്രഞ്ച് മാരിഗോൾഡിന്റെ തണ്ടിന് തവിട്ടുനിറവും ആഫ്രിക്കൻ മാരിഗോൾഡിന്റെ തണ്ടിന് ഇളംമഞ്ഞ അല്ലെങ്കിൽ ഇളംപച്ച നിറവുമായിരിക്കും. *ഫോൺ: 9447002211*





ഡോ. ജസ്റ്റിൻ തോമസ്

കൗൺസെലിങ് കോർണർ

# വകതിരിവില്ലാത്ത വാശിയും പിടിവിട്ട പ്രതികരണങ്ങളും

**കേ**രളത്തിലെ വളരെ പാരമ്പര്യമുള്ള ഒരു സ്കൂളിൽ പഠിക്കുന്ന 11-ാം ക്ലാസുകാരി സ്കൂളിൽ പോകുന്നില്ല. ഈ കുട്ടിയുമായി അവളുടെ അമ്മയും അപ്പനും എന്റെ അടുക്കൽ വന്നു. ട്രീസ ദത്തെടുക്കപ്പെട്ട കുട്ടിയാണ്. എന്നാൽ, അവൾക്ക് അതിന്റേതായ യാതൊരു പ്രശ്നങ്ങളും പ്രത്യക്ഷത്തിൽ ഇല്ലായിരുന്നു. വളരെ മിടുക്കിയായ ഒരു കുട്ടി. ഒരിക്കൽ ഈ പെൺകുട്ടിയും അവളുടെ അധ്യാപകനുമായി വാക്കുതർക്കമുണ്ടായി. ഈ കുട്ടി സ്കൂൾതല ഡാൻസ് മത്സരത്തിൽ പങ്കെടുക്കാൻ പ്രാക്ടീസ് ചെയ്തപ്പോൾ ധരിച്ച വസ്ത്രവുമായി ബന്ധപ്പെട്ട ഒരു തർക്കം. ഈ വാക്കുതർക്കത്തിനിടയിൽ അധ്യാപകൻ മറ്റു കുട്ടികളുടെ മുമ്പിൽവച്ച് 'ചിലർ ചിലരുടെ പാരമ്പര്യം കാണിക്കു'മെന്നു പറഞ്ഞത് ട്രീസയെ വളരെയധികം ക്ഷോഭിപ്പിച്ചു. അവൾ അധ്യാപകന്റെ കോളറിൽ പിടിച്ചു. രംഗം വഷളായി. മറ്റ് അധ്യാപകർ ഇടപെട്ടു. തന്നോടു മാപ്പു പറയാതെ തന്റെ ക്ലാസിൽ ട്രീസയെ കയറ്റില്ലായെന്ന് അധ്യാപകനു വാശി. ട്രീസയുടെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുതുടങ്ങി. പെരുമാറ്റവൈകല്യങ്ങൾ ഉടലെടുത്തു. പ്രിൻസിപ്പലും മറ്റു ടീച്ചേഴ്സുമൊക്കെ ഉപദേശിച്ചിട്ടും അധ്യാപകൻ തന്റെ നിലപാടിൽ ഉറച്ചുനിന്നു. തെറ്റു ചെയ്യാത്ത താൻ മാപ്പു പറയില്ല എന്നാണ് കുട്ടിയുടെ നിലപാട്. മാതാപിതാക്കൾ നിർബന്ധിച്ചിട്ടും അവൾ വിട്ടുകൊടുക്കാൻ തയ്യാറല്ല. സ്കൂൾ മാറുന്നതിനോട് അവൾക്കും മറ്റു ടീച്ചേഴ്സിനും എതിർപ്പാണ്. മറ്റു ടീച്ചേഴ്സിന്റെ അഭിപ്രായത്തിൽ ട്രീസ മിടുമിടുക്കിയാണ്.

ട്രീസ എന്റെയടുത്തു കൗൺസലിങ്ങിനു വന്നശേഷം അധ്യാപകനോടു മാപ്പു പറയാൻ തയ്യാറായി. അത് ഗുരുവിനെ ബഹുമാനിക്കണമെന്ന തിരിച്ചറിവുകൊണ്ടായിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ അധ്യാപകൻ തന്റെ വാക്കു മാറ്റി: "ഈ രണ്ടു മാസത്തിനിടയിൽ അവൾക്കു മാപ്പു പറയാൻ ഒരിക്കൽപ്പോലും തോന്നിയില്ല. ഇനി അതിന്റെ ആവശ്യമില്ല. എന്റെ ക്ലാസിൽ ഞാൻ അവളെ കയറ്റില്ല." ഈ അധ്യാപകനോടു സംസാരിക്കാൻ ഞാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

**എന്തായിരുന്നു ട്രീസയുടെയും അധ്യാപകന്റെയും ഇടയിൽ സംഭവിച്ചത്?**

ട്രീസ വളരെ മിടുക്കിയായ കുട്ടിയാണ്. അവൾ നന്നായി പഠിച്ചിരുന്നു. വായനയിലൂടെ ലോകവിവരവും അവൾ നേടിരുന്നു. മേൽ സൂചിപ്പിച്ച അധ്യാപകൻ മനസ്സിലാക്കിവച്ചിരുന്ന പല കാര്യങ്ങളെയും ട്രീസ ഒരു വിദ്യാർഥിനിയുടെ സ്വാതന്ത്ര്യത്തോടെ തെറ്റാണ് എന്നു പറഞ്ഞിരുന്നു. പെട്ടെന്നു പ്രതികരിക്കുന്ന രീതി ട്രീസയ്ക്കുണ്ടായിരുന്നു. ഇതു ചിലപ്പോഴൊക്കെ അതിരുകടക്കുകയും ചെയ്തിരുന്നു. ഇതാവാം ട്രീസയെ അധ്യാപകൻ പരസ്യമായി അപമാനിക്കാൻ കാരണം. ട്രീസ ചെറുപ്പകാലത്തുതന്നെ താൻ ദത്തെടുക്കപ്പെട്ട കുട്ടിയാണെന്ന് അറിഞ്ഞിരുന്നെങ്കിലും ആരും ഒരിക്കലും അവളെ അത് ഓർമ്മപ്പെടുത്തിയിരുന്നില്ല. പക്ഷേ, അധ്യാപകന്റെ വാക്കുകൾ അവളെ അതിരില്ലാതെ മുറിപ്പെടുത്തി എന്നു മാത്രമല്ല അവൾ വിഷാദരോഗത്തിലേക്കു കൂപ്പുകുത്തുകയും ചെയ്തു. അത് അവളെ രണ്ടു മാസത്തോളം പഠനത്തിൽനിന്നു പിറകോട്ടു കൊണ്ടുപോയി. സ്കൂളിൽ പോകാതായി. ഈ അവസ്ഥയിലാണ് അവൾ എന്റെയടുക്കൽ എത്തിയത്.

**ട്രീസയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?**

ട്രീസ എന്ന മിടുക്കി അധ്യാപകനോടു പൂർണമായും ക്ഷമിച്ചു! അവളുടെ ഉള്ളിലെ മുറിവുകൾ കരിഞ്ഞുതുടങ്ങിയിരിക്കുന്നു. മേൽസൂചിപ്പിച്ച അധ്യാപകന്റെ ക്ലാസിലെ പാഠങ്ങൾ അവളുടെ കൂട്ടുകാരിൽനിന്ന് അവൾ മനസ്സിലാക്കുന്നു. ട്രീസ എല്ലാ ദിവസവും സ്കൂളിൽ പോകുന്നു എന്നതാണ് മറ്റൊരു സന്തോഷവാർത്ത. എന്നെങ്കിലും തന്റെ അധ്യാപകൻ തന്നെ മനസ്സിലാക്കുമെന്ന് അവൾ വിശ്വസിക്കുന്നു.

**എന്തുകൊണ്ട് ട്രീസയുടെ അധ്യാപകൻ ഇത്തരത്തിൽ പ്രതികരിക്കുന്നു?**

മേൽസൂചിപ്പിച്ച ചോദ്യത്തിന് യഥാർത്ഥ ഉത്തരം കണ്ടെത്തണമെങ്കിൽ ആ അധ്യാപകനെ കണ്ടുമുട്ടണം. അതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും എന്തുകൊണ്ടായിരിക്കാം ചില അധ്യാപകർ ഇങ്ങനെ പെരുമാറുന്നത് എന്നു പഠിക്കുന്നത് ഉചിതമായിരിക്കും. ചുവടെ ചേർക്കുന്ന വസ്തുതകൾ ഇത്തരത്തിലുള്ള പെരുമാറ്റത്തിനു കാരണമാകാം.


- പൊളിച്ചെഴുതപ്പെടാത്ത, അധ്യാപക-വിദ്യാർഥി ബന്ധത്തെക്കുറിച്ചുള്ള പഴഞ്ചൻ ധാരണകൾ.
- അധ്യാപകനിൽ ഉണ്ടാകേണ്ട കാലാനുസൃതമാറ്റത്തെക്കുറിച്ചു ധാരണയില്ലാത്തതിനാൽ
- കുടുംബപ്രശ്നങ്ങൾ, സാമ്പത്തികപ്രതിസന്ധികൾ, രോഗങ്ങൾ ഇവ മൂലമുള്ള ടെൻഷനുകൾ
- മറ്റു ചില മാനസികശാരീരികസാമൂഹിക പ്രശ്നങ്ങൾ

ഒരധ്യാപകന്റെ പ്രശ്നങ്ങൾ മേൽ സൂചിപ്പിച്ചവയിൽ ഏതായാലും അതു കുട്ടികളുടെ ഭാവിയെ ബാധിക്കാൻ പാടില്ല. അധ്യാപകന്റെ പക്വത, മൂല്യബോധം, സഹാനുഭൂതി, ക്ഷമ, സഹിഷ്ണുത, കുട്ടികളെ മനസ്സിലാക്കുവാനുള്ള കഴിവ്, പ്രശ്നപരിഹാരപാടവം, ഉചിതമായ തീരുമാനമെടുക്കാനുള്ള കഴിവ്, വികാരങ്ങളെ നിയന്ത്രിക്കുവാനുള്ള മിടുക്ക് എന്നിവ അനുകരണീയമാവണം.

**എന്തുകൊണ്ട് വിമർശനങ്ങളെ ക്രിയാത്മകമായി നേരിടാൻ യുവതലമുറയ്ക്കു കഴിയുന്നില്ല?**

ട്രീസയും അധ്യാപകനും തമ്മിലുള്ള പ്രശ്നത്തെ മറ്റൊരുതലത്തിൽ നിരീക്ഷിച്ചാൽ നമുക്കു മനസ്സിലാകുക നിസ്സാരകാര്യങ്ങളോട് അവളുടെ പെട്ടെന്നുള്ള പ്രതികരണരീതിയാണ്. ഇത് ഇന്നത്തെ തലമുറയുടെ ഒരു പൊതുസ്വഭാവമാണ്. അവർക്കിഷ്ടമില്ലാത്ത ഏതു കാര്യത്തോടും അവർ പെട്ടെന്നു പ്രതികരിക്കും. ഇത്തരം പ്രതികരണങ്ങളിൽ ക്ഷോഭത്തിന്റെ അംശം സാധാരണമാണ്. വീണ്ടുവിചാരമില്ലാത്ത പ്രതികരണം കുട്ടികളിൽ പല കാരണങ്ങളാൽ ഉണ്ടാവാം.

- പറഞ്ഞുപറഞ്ഞുള്ള തഴക്കദോഷം.
- പല തരത്തിലുള്ള വിറ്റാമിൻസിന്റെ കുറവുകൾ.



- തൈറോയ്ഡ് പോലുള്ള ഗ്രന്ഥികളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾ.
- പലതരത്തിലുള്ള മാനസിക, ശാരീരിക, കുടുംബ-സാമൂഹികപ്രശ്നങ്ങൾ.
- മൊബൈൽ, കമ്പ്യൂട്ടർ അടിമത്തവും ഉറക്കക്കുറവും.
- സാമ്പത്തികപ്രശ്നങ്ങളും ദാരിദ്ര്യവും.
- സ്വന്തം വ്യക്തിത്വത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ.

മേൽസൂചിപ്പിച്ചവയൊക്കെ പെട്ടെന്നുള്ള വികാരപ്രകടനത്തിലേക്കു കുട്ടികളെ നയിക്കാം. അതായത്, ട്രീസ വികാരപ്രകടനങ്ങൾ അധ്യാപകനോടു സ്ഥിരമായി നടത്തിയിരുന്നു. അത് അവൾക്കൊരു ശീലമായി മാറിയിരുന്നു. ഈ ശീലം അവൾക്കു മാതാപിതാക്കളിൽനിന്നു ലഭിച്ചിരുന്ന അമിതപരിഗണനയിൽനിന്നുണ്ടായതാണ്. കാരണം, അവളുടെ സ്നേഹം നഷ്ടപ്പെടുന്നതിനെ അവർ ഭയപ്പെട്ടിരുന്നു. ഇത്തരം ഭയവും അശാസ്ത്രീയസമീപനവും കുട്ടികളെ ദത്തെടുക്കുന്ന മാതാപിതാക്കളിൽ കാണാറുണ്ട്.

**കുട്ടികളെ ദത്തെടുക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- വളരെ ചെറുപ്പത്തിൽത്തന്നെ ദത്തെടുത്ത കാര്യം കുട്ടിയെ അറിയിക്കുക.
- മറ്റു കുട്ടികൾക്കു നൽകാത്ത പ്രത്യേക പരിഗണന ഇത്തരം കുട്ടികൾക്കു നൽകരുത്.
- ഇവർ ഇവരുടെ സ്വന്തം മാതാപിതാക്കളെ കണ്ടെത്തുമെന്നും അവരെ സ്നേഹിക്കുമെന്നുമുള്ള ഭയം ഒഴിവാക്കുക.
- കുട്ടിയെ ദത്തെടുത്തതിനുശേഷം ജനിക്കുന്ന കുട്ടികളുമായി ഇവരെ താരതമ്യം ചെയ്യാൻ പാടില്ല. കൂടാതെ ഇവർ തമ്മിൽ തരംതിരിവും ഉണ്ടാവാൻ പാടില്ല.
- ദത്തെടുക്കൽ വളരെ സാധാരണമായ ഒന്നാണെന്നു കുട്ടിയെ ബോധ്യപ്പെടുത്തുന്ന രീതിയിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

ചുരുക്കത്തിൽ ഈ കൗൺസലിങ് അനുഭവത്തിലെ കഥാപാത്രങ്ങളായ ട്രീസ, അധ്യാപകൻ, ട്രീസയുടെ മാതാപിതാക്കൾ എന്നിവരിൽ മാറ്റം അനിവാര്യമായിരുന്നു. അതിൽ ട്രീസയും മാതാപിതാക്കളും മാറ്റത്തെ ഉൾക്കൊണ്ടു. ആ അധ്യാപകനിലും ഉടൻതന്നെ ഒരു മാറ്റം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

■



നേർമൊഴി

# ബീഹാർ നൽകുന്ന സൂചനകൾ

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**രാ**ജ്യത്ത് ഏകകക്ഷിഭരണം അവസാനിച്ചിട്ട് ഏകദേശം രണ്ടു പതിറ്റാണ്ടുകാലമായി. ദേശീയ പാർട്ടികൾക്ക് പ്രാദേശികവികാരങ്ങളെയും അവരുടെ പ്രത്യേക ആവശ്യങ്ങളെയും കൃത്യമായി അഭിസംബോധന ചെയ്യാനാവുകയില്ലെന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികരാഷ്ട്രീയ കക്ഷികൾ രൂപം കൊള്ളുകയും കാലാന്തരത്തിൽ അധികാരരാഷ്ട്രീയത്തിൽ അവർ പിടിമുറുക്കുകയും ചെയ്തു. പ്രാദേശിക സ്വത്വബോധം വർധിച്ചുവരികയാണ്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വികസനത്തിനും തടസ്സമാകത്തക്കവിധം ചിലയിടങ്ങളിൽ പ്രാദേശികവാദം ശക്തിപ്പെട്ടുവരുന്നുവെന്നത് ആശങ്കപ്പെടുത്തുന്ന കാര്യമാണ്.

ബീഹാറിലെ ബി.ജെ.പി. വിജയം പ്രതീക്ഷിച്ചിരുന്നതാണ്. എങ്കിലും ഇത്രയും വലിയൊരു വിജയം പാർട്ടിനേതാക്കളെപ്പോലും വിസ്മയിപ്പിച്ചു. ജാതിമതസമവാക്യങ്ങളെ ബുദ്ധിപരമായി കൈകാര്യം ചെയ്തതിലുള്ള വിജയമാണ് ബീഹാറിലേത്. സാധിക്കുന്നിടത്തോളം ചെറുകക്ഷികളെ കൂടെനിർത്തി അവരുടെ മുഴുവൻ വോട്ടും മുന്നണിക്കു നേടിയെടുക്കാൻ ബിജെപി പ്രകടിപ്പിച്ച പ്രചാരണതന്ത്രം വിജയിക്കുകതന്നെ ചെയ്തു. മുന്നണിരാഷ്ട്രീയത്തിൽ വിട്ടുവീഴ്ചയും ചേർത്തുപിടിക്കലും പ്രധാനപ്പെട്ടതത്രേ. വല്യേട്ട മനോഭാവം മുന്നണിരാഷ്ട്രീയത്തിൽ വിജയിക്കില്ല. ബീഹാർ വിജയം നൽകുന്ന ഒന്നാമത്തെ സൂചന സമീപകാലത്തെങ്ങും അധികാരത്തിൽ എത്താൻ സാധിക്കാത്തവിധം കോൺഗ്രസ് ദുർബലമായിരിക്കുന്നുവെന്നതാണ്. അതിന്റെ മറുവശം ആർക്കും കീഴടക്കാനാവാത്തവിധം ബിജെപി ശക്തിപ്രാപിച്ചിരിക്കുന്നുവെന്നതുമാണ്. കോൺഗ്രസ് അജയ്യശക്തിയായി നാലരപ്പതിറ്റാണ്ടുകാലം രാജ്യം ഭരിച്ചു. ഭരിച്ചു ക്ഷയിച്ച പാർട്ടിയാണ് കോൺഗ്രസ്. അതേ ദുർഗതി ഏതു പാർട്ടിക്കും സംഭവിക്കാം.



ജനക്ഷേമവും വികസനവും ഉറപ്പാക്കുന്നവർക്കു വോട്ടു നൽകാൻ സമ്മതിദായകർ തയ്യാറാണെന്ന സന്ദേശമാണ് ബീഹാർ തിരഞ്ഞെടുപ്പുഫലം നൽകുന്നത്. വിദ്യാഭ്യാസം, ആരോഗ്യംപോലുള്ള മേഖലകളിൽ രാജ്യത്ത് ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള സംസ്ഥാനമാണ് ബീഹാർ. അവിടെ ജനത്തെ ആകർഷിക്കാൻ വികസനമന്ത്രത്തിനാകുമെന്ന് മുഖ്യമന്ത്രി നിതീഷ്കുമാറിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അറിയാമായിരുന്നു. അതിന്റെ വെളിച്ചത്തിലുള്ള വികസനപദ്ധതികൾ ആവിഷ്കരിക്കുകയും വോട്ടിന്റെ രൂപത്തിൽ ജനം പ്രതിനന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ദൃശ്യമായ വികസനസ്മാരകങ്ങളാണ് ബീഹാറിൽ ഇന്നു കാണുന്ന റെയിൽവേ ലൈനുകളും ഹൈവേകളും ഫ്ളൈഓവറുകളും.

വാഗ്ദാനങ്ങൾ നൽകി ജനങ്ങളിൽ പ്രതീക്ഷ നിലനിറുത്തുകയെന്നത് രാഷ്ട്രീയപാർട്ടികളുടെ നിലനില്പിന്റെ പ്രാണവായുവാണ്. അധികാരത്തിലിരിക്കുന്നവരുടെ വാഗ്ദാനങ്ങൾക്ക് പുറത്തുനിൽക്കുന്നവരുടെ വാഗ്ദാനങ്ങളെക്കാൾ വിലയുണ്ട്. അധികാരത്തിലെത്താൻ സാധ്യതയില്ലാത്തവൻ തേനും പാലും വാഗ്ദാനം ചെയ്താലും അതിനു സ്വീകാര്യതയുണ്ടാവുകയില്ല. അധികാരം ഉറപ്പിക്കാൻവേണ്ടി എൻ.ഡി.എ. മുന്നണി ഒരു കോടി യുവജനങ്ങൾക്ക് ജോലിയോ തൊഴിലവസരങ്ങളോ വാഗ്ദാനം ചെയ്തു. ഒരു കോടി വനിതകളെ ലക്ഷാധിപതികളാക്കി മാറ്റുമെന്നു പ്രഖ്യാപിക്കുകയും ഒരു കോടി ഇരുപത്തിയേഴു ലക്ഷം വനിതകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പതിനായിരം രൂപ നൽകുകയും ചെയ്തു. ഇത് തിരഞ്ഞെടുപ്പിനുമുമ്പു നടന്ന കാര്യമാണ്. തിരഞ്ഞെടുപ്പുസമയത്തും ഈ പണംകൈമാറ്റം തുടർന്നുവെന്ന ആക്ഷേപമുണ്ടായിരുന്നു. ലക്ഷക്കണക്കിനു വാഗ്ദാനങ്ങളേക്കാൾ ജനങ്ങൾക്കു വിശ്വാസം അക്കൗണ്ടിലെത്തിയ തുകയിലാണ്. ജനങ്ങൾ നോക്കുന്നത് എന്തുകിട്ടുമെന്നാണ്.

ബി.ജെ.പിയുടെ വിജയത്തിനടിസ്ഥാനം പ്രത്യയശാസ്ത്രത്തിന്റെ മികവോ മുദ്രാവാക്യങ്ങളുടെ സ്വീകാര്യതയോ മാത്രമല്ല, നേതൃത്വത്തിന്റെ പൊലിമകൂടിയാണ്. നേതാക്കന്മാരുടെ എണ്ണമല്ല, അവരുടെ ഗുണനിലവാരമാണ് പ്രധാനം. കോൺഗ്രസ്സിൽ നേതാക്കന്മാരില്ലെന്നല്ല, അവർക്ക് പാർട്ടിക്കുള്ളിൽ വേണ്ടത്ര പിന്തുണ ഉണ്ടാകുന്നില്ലെന്ന പ്രശ്നമുണ്ട്. നേതാക്കന്മാരുടെ കരുത്ത് സ്വന്തം കഴിവുകളല്ല, സംഘടനയുടെയും ജനങ്ങളുടെയും ഭാഗത്തുനിന്നു ലഭിക്കുന്ന പിന്തുണ കൂടിയാണ്. തമ്മിലടിക്കുന്നിടത്തു കരുത്തു കുറയും.

വിജയം നിർണയിക്കുന്നതിൽ സംഘടനാബലത്തിന് ചെറുതല്ലാത്ത പ്രാധാന്യമുണ്ട്. ബിജെപിയുടെ സംഘടനാബലം അപ്രതിരോധ്യമാണ്. പാർട്ടിയെ താങ്ങിനിർത്തുന്ന സംഘടനകളും പോഷകസംഘടനകളും ചിലപ്പോഴെങ്കിലും അതിരുകടക്കുകയുംക്രമസമാധാനപ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നുണ്ട്. ക്രൈസ്തവ ന്യൂനപക്ഷപീഡനത്തിന് ചില സംഘപരിവാർ ശക്തികൾ കാരണമാകുന്നുവെന്ന പരാതിയുണ്ട്. ഭരണകൂടത്തിന് അവരെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. തുടർ ആക്രമണങ്ങളുണ്ടാകുമ്പോൾ നേതൃത്വത്തിന്റെ അനുമതിയോടെ അതു സംഭവിക്കുന്നുവെന്ന് ജനങ്ങൾ വിശ്വസിക്കുക സ്വാഭാവികമാണ്. ജനക്ഷേമവും രാഷ്ട്രവികസനവുംപോലെ മുഖ്യമാണ് സാമൂഹികസഹവർത്തിത്വവും മതനിരപേക്ഷതയും. ■

# അദ്ഭുതജീവിതത്തിന്റെ രുചിക്കൂട്ടുകൾ

1-ാം പേജ് തുടർച്ച

നല്ല മൂഡ് നിലനിർത്താനും സാമൂഹികബന്ധങ്ങൾ മെച്ചപ്പെടുത്താനും അങ്ങനെ അനുദിന ജീവിതത്തെ മെച്ചപ്പെടുത്താനും ഉതകുന്ന കാര്യമാണ് പുതുമയുള്ള കാര്യങ്ങൾ ചെയ്യുകയെന്നത്, സർപ്രൈസുകൾ സൃഷ്ടിക്കുകയെന്നത്.

**അദ്ഭുതങ്ങൾ ഒഴിവാക്കുന്നവർ**

ചിലർ മനഃപൂർവംതന്നെ സർപ്രൈസ് ഒന്നും വേണ്ട എന്നുവയ്ക്കും. അതു ചിലപ്പോൾ വിഡ്ഢി എന്ന് ആരെങ്കിലും മുദ്രകുത്തുമോ എന്ന ഭയം കാരണമാകാം. അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ സൃഷ്ടിച്ചേക്കാവുന്ന പരിണാമങ്ങൾ ഓർത്താകാം. വേണ്ടത്ര തയ്യാറെടുപ്പിന്റെ അഭാവവും കാരണമാകാം. ഏതായാലും ഇതു ജീവിതത്തെ മന്ദഗതിയിലാക്കും, സ്തംഭിപ്പിക്കും. തൊഴിലിടങ്ങളിൽ ഒരു ബോസ് ഒരു നൂതനമായ ആശയവും സ്വീകരിക്കാത്തയാളാണെങ്കിൽ അവിടത്തെ കാര്യം പരിതാപകരമായിരിക്കും. പഴയരീതികൾ മാത്രം മുറുകെപ്പിടിക്കുന്ന വ്യക്തികുടുംബങ്ങളിലും പ്രശ്നക്കാരനാകും. പണ്ടു നടന്ന പ്രണയവഴികളിലൂടെ വല്ലപ്പോഴും തിരിച്ചു നടക്കുന്നതുവഴി ദാമ്പത്യത്തിന്റെ സുഗന്ധം നിലനിർത്താമെന്ന് അവർക്ക് അറിഞ്ഞുകൂടാ. കഴിഞ്ഞദിവസം ഒരാൾ പറഞ്ഞു, അയാൾ തന്റെ ഭാര്യയെയുംകൂട്ടി വർഷങ്ങൾക്കു മുമ്പു കണ്ട ഒരു കൊട്ടകയിൽ പോയി വീണ്ടും സിനിമ കണ്ടു എന്ന്. ഇതിലൊക്കെ ഒരു പുതുമയുണ്ട്, ഒരു സർപ്രൈസ് എലമെന്റുണ്ട്. അതാണ് നിലനിർത്തേണ്ടത്.

അപ്രതീക്ഷിതമായ കാര്യങ്ങൾ ചെയ്തു വിസ്മയങ്ങൾ സൃഷ്ടിക്കുന്നവർ ദൈനംദിന ജീവിതത്തിന്റെ വിരസതകൾ വലിച്ചെറിയുന്നു. ഒരു പുതിയ കാര്യത്തിനായി കാത്തിരിക്കുമ്പോൾ അസാധാരണമായ ഒരു ഉന്മേഷം വന്നുചേരും. അപ്രതീക്ഷിതമായി നാം ഒരാൾക്ക് ഒരു സമ്മാനം നൽകുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലും ഒരു നല്ല കാര്യത്തിന് നാം ഒരാളെ അഭിനന്ദിക്കുമ്പോൾ അതുണർത്തുന്ന നല്ല വികാരങ്ങൾ ആ മുഖത്തു നിഴലിക്കുന്നതു നമുക്കു കാണാം. ലഭിക്കുന്നയാൾക്കും നല്കുന്നയാൾക്കും ഇതു ഗുണകരമാകും. അത്തരം ഒരു ശ്രദ്ധയും പരിഗണനയും കൂടുതൽ ആഴത്തിൽ ബന്ധങ്ങൾ സൃഷ്ടിക്കാൻ പ്രയോജനപ്പെടും. മനുഷ്യർ ദീർഘകാലം ഓർമിച്ചുവച്ച് മറ്റുള്ളവരുമായി അത്തരമനുഭവങ്ങൾ പങ്കുവയ്ക്കും.

ഓഫീസിൽ നിങ്ങൾ ബോസ് ആണെന്നിരിക്കട്ടെ. വല്ലപ്പോഴുമെങ്കിലും തനിക്കുപറ്റിയ ഒരു അമളിയെയോ വീഴ്ചയെയോ പറ്റി തന്റെ കീഴുദ്യോഗസ്ഥരോട് ഒന്നു പറഞ്ഞുനോക്കൂ, മസിലു പിടിക്കാതെ. ഒന്നും സംഭവിക്കാൻ പോകുന്നില്ല. താൻ തുറവുള്ളവനാണെന്നു സമ്മതിച്ചു കൊടുക്കുകയാണ്. അതുവഴി നിങ്ങളോടുള്ള ബഹുമാനം വർധിക്കുകയേയുള്ളൂ. അതുപോലെ സ്ഥിരം തലവേദനകൾ സൃഷ്ടിക്കുന്ന ഒരു ജോലിക്കാരനുണ്ടെങ്കിൽ ഒരിക്കൽ അവനെ ഒരു അത്താഴത്തിനു ക്ഷണിച്ച് ആശ്ചര്യപ്പെടുത്തൂ.

ഒരിക്കൽ ഒരു ഷൂക്കമ്പനിയുടെ ഉടമസ്ഥൻ ആരും ചെയ്യാത്ത ഒരു കാര്യം ചെയ്തു. തന്റെ ഏറ്റവും വലിയ ബിസിനസ് എതിരാളിയെ തന്റെ കമ്പനി മീറ്റിങ്ങിലേക്കു ക്ഷണിച്ചു. അയാളുടെ ബിസിനസ്സിന്റെ സങ്കേതങ്ങളെക്കുറിച്ചു സംസാരിക്കാൻ അപേക്ഷിച്ചു, വളരെ രസകരമായിരുന്നു ആ പ്രസംഗം. തന്റെ കമ്പനിയിലെ തൊഴിലാളികൾക്ക് ആശ്ചര്യം മാത്രമല്ല പല പുത്തനറിവുകളും അതു സമ്മാനിച്ചു.

**എയർപോർട്ടിലെ ഡ്രൈവർ**

എയർപോർട്ട് ബസിന്റെ ഡ്രൈവർ കുട്ടികളെ ഒരിക്കലും ഇഷ്ടപ്പെടാത്ത ആളായിരുന്നു. ഒട്ടും മര്യാദയില്ലാത്ത പെരുമാറ്റംകൊണ്ട് ഈ വ്യക്തി എല്ലാവർക്കും തലവേദനയായിരുന്നു. ഒരിക്കൽ ഒരു കൊച്ചുപയ്യൻ അവന്റെ ഹ്രസ്വമായ യാത്രയ്ക്കിടയിൽ ഈ 'അങ്കിളു' മായി ഹൃദ്യമായി സംസാരിച്ചു. ഒരു ചോക്ലേറ്റ് പങ്കുവച്ചു. അവന്റെ കോമാളിത്തം നിറഞ്ഞ സംസാരം ഡ്രൈവറെ വല്ലാതെ ആകർഷിച്ചു. ഒരു വലിയ വഴിത്തിരിവിന് ഈ ബാലനുമായുള്ള മധുരഭാഷണം കാരണമായി. ഡ്രൈവറുടെ ജീവിതത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ ഒരു കൊച്ചുബാലൻ കൊടുത്ത സർപ്രൈസ് കാരണമായി.

**ടോമിയുടെ അമ്മൂമ്മ**

ടോമിക്ക് ഒരു അമ്മൂമ്മ ഉണ്ടായിരുന്നു. നല്ല രുചികരമായ കേക്കുകളുണ്ടാക്കി അവർ വീട്ടിൽ വരുന്നവർക്കൊക്കെ വിളമ്പുമായിരുന്നു. കേക്ക് എല്ലാവരുടെയും നാവുകളിൽ വിസ്മയകരമായ രുചിപകർന്നു. എല്ലാവരും അമ്മൂമ്മയുടെ 'മാജിക് കേക്കി'നെ പ്രകീർത്തിച്ചുകൊണ്ടിരുന്നു. നാളുകൾ കടന്നുപോയി. അമ്മൂമ്മ മരിച്ചപ്പോൾ എല്ലാവർക്കും ആ വിശിഷ്ടമായ കേക്കിന്റെ കഥ പറയാനേ നേരമുണ്ടായിരുന്നുള്ളൂ. അമ്മൂമ്മയുടെ കേക്കിന്റെ രുചി എല്ലാവരും മിസ്സ്ചെയ്യാൻ തുടങ്ങി. ഒടുവിൽ വർഷങ്ങൾക്കുശേഷം അമ്മൂമ്മയുടെ അലമാര വൃത്തിയാക്കുന്നതിനിടയിൽ ഒരു കൊച്ചു ഡയറി കിട്ടി. അതിൽ അമ്മൂമ്മ തന്റെ വടിവൊത്ത അക്ഷരങ്ങളിൽ കേക്കിന്റെ രുചിക്കൂട്ടിന്റെ വിസ്മയമുണർത്തുന്ന രഹസ്യം കുറിച്ചുവച്ചിരിക്കുന്നു. എപ്പോഴെങ്കിലും ഒരു 'കേക്ക് മാജിക്' വേണമെന്നു തോന്നിയാൽ ഈ ചേരുവകൾ ഒന്നു പരീക്ഷിച്ചാൽ മതിയെന്ന്. ഇതു നോക്കി ടോമിയുടെ മാതാവ് അതേ രീതിയിൽ ഒരു കേക്കുണ്ടാക്കി അദ്ഭുതം സൃഷ്ടിക്കുന്നതാണു കഥ. അതൊരു വലിയ ഓർമയുടെ സാക്ഷാത്കാരമായി, അമ്മൂമ്മ തന്റെ ആത്മാവിന്റെ ഒരംശം ആ കുറിപ്പുകളിൽ ബാക്കിവച്ചതുപോലെ!

സർപ്രൈസുകൾ സൃഷ്ടിച്ചെടുക്കുമ്പോൾ ജീവിതം പുതുമകൾ നിറഞ്ഞതാകും, അർഥസമ്പുഷ്ടമാകും. നമ്മെ അദ്ഭുതപ്പെടുത്തുമാറു പ്രചോദനങ്ങൾ ക്രിയാത്മകതയെ ജ്വലിപ്പിച്ചുനിർത്തും; ബന്ധങ്ങൾ സുദൃഢമാക്കും. സർവോപരി വളർച്ചയിലേക്ക് അതു നമ്മെ നയിക്കും ചെറിയ ചെറിയ വിസ്മയങ്ങളും മുൻകൂട്ടി പ്ലാൻ ചെയ്യാത്ത ഉല്ലാസഹർഷങ്ങളും ബ്രെയിനിലെ രസകേന്ദ്രങ്ങളെ തഴുകി നമ്മുടെ പിരിമുറുക്കങ്ങൾ ഇല്ലായ്മ ചെയ്യും. ജീവിതം ലളിതമായി ആസ്വദിക്കാൻ അതവസരം തരും.

ഇതെല്ലാം വലിയ സംതൃപ്തിയുടെ അനുഭവങ്ങളായി മാറും. ദിനംപ്രതി ഒരു സർപ്രൈസ് മേമ്പൊടി ജീവിതത്തിലേക്കു വിതറി പരീക്ഷിക്കാം. അതു കൊണ്ടുവരുന്ന ആനന്ദം അതിവേഗത്തിലായിരിക്കും, അതുല്യമായിരിക്കും, അമൂല്യമായിരിക്കും. സത്യമുള്ള ഇതിന്റെ ഫലങ്ങൾ ഒരു പകർച്ചവ്യാധിയെന്നവണ്ണം മറ്റുള്ളവരിലേക്കും പടരും! ■

നോവൽ 17



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

“ചെറിയ ചില പിണക്കങ്ങളൊക്കെ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകാറുണ്ടല്ലോ.” റോണി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

“ചെറുതും വലുതുമായ പിണക്കങ്ങളുണ്ടാകാറുണ്ട്. ഭർത്താവും ഭാര്യയും തമ്മിൽ കയ്യേറ്റമുണ്ടാകാറുണ്ട്. ആയുധംകൊണ്ടുള്ള ആക്രമണമുണ്ടാകാറുണ്ട്. ഇതൊക്കെപ്പറഞ്ഞ് പോലീസ് സ്റ്റേഷനിൽ പരാതിവരും. ഞങ്ങൾ ഇരുകൂട്ടരെയും വിളിച്ച് പ്രശ്നങ്ങൾ പറഞ്ഞുതീർക്കും. മേലിൽ ആവർത്തിക്കരുതെന്ന് വാണിങ് കൊടുക്കും. ഇങ്ങോട്ടു രണ്ടു വാഹനത്തിൽ വരുന്നവരെ തിരിച്ച് ഒരു വാഹനത്തിൽ കയറ്റിവിട്ടിട്ടുണ്ട്. ചില ഭർത്താക്കന്മാരെ എല്ലാ ദിവസവും സ്റ്റേഷനിൽ വരുത്തി ഒപ്പിടുവിച്ചുവിടാറുണ്ട്. ഇതൊക്കെ സാധാരണമനുഷ്യരുടെ കാര്യങ്ങളാ.’’ സി.ഐ. മോഹൻ തോമസ് പറഞ്ഞു.

“ഞങ്ങൾ തമ്മിൽ അങ്ങനെയൊന്നുമിതുവരെയുണ്ടായിട്ടില്ല.” റോണി പ്രതികരിച്ചു.

“ജീനാ വെറുതെ ഒരു രസത്തിന് കൈത്തണ്ടയിലെ ഞരമ്പു മുറിച്ച് മരിച്ചതാണെന്നാണോ റോണി കരുതുന്നത്?”

“അല്ല. എന്തോ കാരണമുണ്ടാകും. എന്റെ ഭാഗത്തുനിന്ന് അവൾക്ക് ഒരു പ്രശ്നവുമുണ്ടാക്കിയിട്ടില്ല.”

‘‘റോണിയുടെ ഫാദറിന് ജീനായുടെ മരണത്തിൽ പങ്കുണ്ടെന്നൊരു പ്രചാരണമുണ്ട്. എന്തു പറയുന്നു?”

‘‘പപ്പയ്ക്ക് ഞങ്ങളുടെ വിവാഹം ഇഷ്ടമല്ലായിരുന്നു. വീട്ടിൽ കയറ്റിയില്ല. അതല്ലാതെ പിന്നീടൊരിക്കലും ഞങ്ങളുടെ കാര്യത്തിൽ ഒരിടപെടലും പപ്പാ നടത്തിയിട്ടില്ല. പപ്പായ്ക്ക് അരിശം മുഴുവൻ എന്നോടായിരുന്നു. ബന്ധുക്കളോടും സ്നേഹിതരോടുമൊക്കെ ഞാനെന്ന ഒരു മകൻ പപ്പയ്ക്കു ജനിച്ചിട്ടേയില്ലെന്നൊക്കെയാ പറഞ്ഞിരുന്നത്.”

“ജീനായെ ഇല്ലാതാക്കിയിട്ട് റോണിക്കു മറ്റൊരു വിവാഹം നടത്തി, ഒപ്പം കൂട്ടാനുള്ള ശ്രമമുണ്ടായോ? മേടയ്ക്കൽ മാത്തുക്കുട്ടി ജീനായ്ക്ക് ഏതെങ്കിലും തരത്തിൽ ആത്മഹത്യാപ്രേരണയുണ്ടാക്കിയോ?

“അതിന് ഒരു സാധ്യതയുമില്ല. എപ്പഴും സ്വന്തം കുടുംബം തകർന്നുപോയെന്ന ഒരു ചിന്ത മനസ്സിലുണ്ടായിരുന്നെന്നു തോന്നീട്ടുണ്ട്.” റോണി പറഞ്ഞു.

“നിന്റെ ഭാര്യാപിതാവിന്റെ വെട്ടേറ്റ് മാത്തുക്കുട്ടി ആശുപത്രിയിലായതറിഞ്ഞില്ലേ?”

“അറിഞ്ഞു. ആശുപത്രിയിൽ പോയി കാണുകയും ചെയ്തു. എന്നോടക്ഷരം മിണ്ടിയില്ല. കാണാതിരിക്കാൻ തിരിഞ്ഞുകിടക്കുകയും ചെയ്തു.”

“ആ മനുഷ്യന് ശത്രുത മുഴുവൻ നിന്നോടാണ്. അവളോടല്ല.”

“അതെ.”

സി.ഐ. മോഹൻതോമസ് തന്റെ സമീപത്തിരിക്കുന്ന എച്ച്.സി. രാജീവനെ നോക്കി. രാജീവൻ സെറ്റിയിൽ ഒന്നിളകിയിരുന്നു.

“ജീനായ്ക്ക് മറ്റേതെങ്കിലും യുവാവിനോട് അടുപ്പമുണ്ടായിരുന്നതായറിയുമോ?’’ ഹെഡ് കോൺസ്റ്റബിൾ രാജീവനാണതു ചോദിച്ചത്.

“ഇല്ല. എന്നെ മാത്രമാണവൾ സ്നേഹിച്ചത്. അവളൊരിക്കലും പലരെ സ്നേഹിക്കുന്ന തരക്കാരിയായിരുന്നില്ല.”

“റോണിക്ക് ഉറപ്പാണോ?”

“അതെ.”

“ശ്രീജിത്ത്, ഞങ്ങളോടങ്ങനെയല്ലല്ലോ പറഞ്ഞത്?”

‘‘ങ്ഹേ? സാർ അവനെ കണ്ടോ?”


“കണ്ടു. വിശദമായി മൊഴിയെടുത്തു.”

“അവനെന്താ പറഞ്ഞത്?”

“ജീനാ അവന്റെ സഹപാഠിയായിരുന്നു. അവർ തമ്മിൽ ഇഷ്ടത്തിലുമായിരുന്നു. യൂണിയൻതിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ റോണി ജീനായുമായടുത്തു. ശ്രീജിത്തിനെ അവളിൽനിന്നകറ്റുകയും ചെയ്തെന്ന്.”

‘‘നോ... നോൺസെൻസ്... അവൻ പച്ചക്കള്ളമാ പറഞ്ഞത്. ജീനാ എന്റെയായിരുന്നു... എന്റേതു മാത്രം.” റോണി ഒച്ചവച്ച് ചാടിയെഴുന്നേറ്റു.

സർക്കിൾ ഇൻസ്പെക്ടർ മോഹൻതോമസും, എച്ച്.സി. രാജീവനും റോണിയുടെ വികാരപ്രകടനം വിലയിരുത്തുകയായിരുന്നു. റോണി വല്ലാതെ കിതച്ചു.



“റോണി ഇരിക്ക്. ശാന്തനായിരിക്ക്.” സി.ഐ. പറഞ്ഞു. അവൻ ഇരുന്നു. വല്ലാത്ത ഒരു സംഭ്രമം ആ മുഖത്തു നിഴലിച്ചു.

“റോണി എഴുന്നേറ്റുചെന്ന് ഒന്നു മുഖം കഴുകി ഫ്രഷായിട്ടു വാ. ഞങ്ങൾ രണ്ടുപേർക്കും ഓരോ ഗ്ലാസ് വെള്ളവും തരണം.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു. റോണി എഴുന്നേറ്റ് കിച്ചണിലേക്കു പോയി.

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ് കോൺസ്റ്റബിൾ രാജീവന് ഷേക്ഹാൻഡ് നൽകി.

“താൻ തകർത്തടോ.” മോഹൻ തോമസ് സഹപ്രവർത്തകനോടു പറഞ്ഞു.

“തന്റെയടി അവന്റെ മർമ്മത്തിനുകൊണ്ടു. റോണിയുടെ ക്യാരക്ടർ പകൽപോലെ വ്യക്തമായി. ഇവന്റെ സുന്ദരിയായ ഭാര്യയോട് മറ്റൊരു പുരുഷൻ ഒന്നു മിണ്ടുന്നതുപോലും ഇവൻ സഹിക്കില്ല. ശ്രീജിത്തിന്റേതായി താൻ പറഞ്ഞ വാചകം കിറുകൃത്യമായിരുന്നു.”

“താങ്ക്യു സാർ, കിണറ്റിൽനിന്നു നമുക്കു കിട്ടിയ പെയിന്റിങ് ഞാനെടുത്തിട്ടുണ്ട്. ഇന്നത് റോണിയുടെ മുമ്പിൽ പ്രസന്റ് ചെയ്യണോ?”

“വേണ്ട. അത് മറ്റൊരവസരത്തിൽ മതി. ശ്രീജിത്തിനെക്കൂടി ചോദ്യം ചെയ്തു കഴിഞ്ഞ്. ഇന്ന് അവൻ കൊണ്ടുവരുന്ന വെള്ളമൊക്കെക്കുടിച്ച് നമുക്ക് വൈൻഡ്അപ് ചെയ്യാം. റോണി ഒരു വികാരജീവിയാണ്. കൂടുതൽ പ്രഷർ ഒറ്റയടിക്കു കൊടുത്താൽ അതപകടമായേക്കും.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

റോണി രണ്ടു വലിയ ചില്ലുഗ്ലാസിൽ നിറയെ വെള്ളം ഒരു ചെറിയ ട്രേയിൽ വച്ചു കൊണ്ടുവന്ന് ടീപ്പോയിൽ വച്ചു. രണ്ടുപേരും അതെടുത്തു കുടിച്ചു.

റോണിയുടെ ഭക്ഷണമൊക്കെ? കുക്കിങ് വശമുണ്ടോ?” സി.ഐ. ചോദിച്ചു.

“ഒന്നമറിയില്ല. ജീനാ കുക്കിങ്ങിൽ ഒരെക്സ്പേർട്ടായിരുന്നു. അവളെന്തുമുണ്ടാക്കുമായിരുന്നു. ഞാനിപ്പോൾ... ഓർഡർ ചെയ്ത് ഹോട്ടലുകളിൽനിന്നു വരുത്തുകാ.” അവൻ പറഞ്ഞു.

‘‘റോണീ, ഞങ്ങൾ രണ്ടുപേർക്കും എത്രയും പെട്ടെന്ന് സ്റ്റേഷനിലെത്തേണ്ട ഒരാവശ്യമുണ്ട്. ഈ കേസ് സംബന്ധിച്ച് സുപ്രധാനതെളിവുകൾ കിട്ടിയിട്ടുണ്ട്. ഇനി എല്ലാം ഒന്നു തുന്നിച്ചേർത്ത് ഫൈനൽ റിപ്പോർട്ടുണ്ടാക്കിയാൽ മാത്രം മതി. ഞങ്ങൾ പലതവണ സേർച്ച് ചെയ്തിട്ടും കിട്ടാത്ത രണ്ടു പ്രധാനതൊണ്ടിസാധനങ്ങളുണ്ട്. ഒന്ന് കൈ മുറിക്കാനുപയോഗിച്ച ആയുധം. അത് ബ്ലേഡാകാം. കത്തിയാകാം. പിന്നെ ജീനായുടെ മരണക്കുറിപ്പ്. ഇത് ഈ വീട്ടിൽ എവിടെയോ ഉണ്ട്. യാദൃച്ഛികമായി കിട്ടിയാൽ അറിയിക്കണം. ഞങ്ങളെ ഏല്പിക്കണം. നമുക്ക് ഒരിക്കൽക്കൂടി കാണണം.”

‘‘കിട്ടിയാൽ അപ്പഴേ അറിയിക്കാം സാർ. തിരിച്ചേല്പിക്കുകയും ചെയ്യാം.’’ റോണി പറഞ്ഞു.

സർക്കിൾ ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും എഴുന്നേറ്റ് മുറ്റത്തിറങ്ങി പൊലീസ് ജീപ്പിൽ കയറി മടങ്ങിപ്പോയി.

* * * *

കുറ്റവാളികളായ മനോരോഗികളെ പാർപ്പിക്കുന്ന സെല്ലിൽ കഴിയുന്ന പാലച്ചുവട്ടിൽ ജോസിനെ കാണാൻ, മകൻ ടോണി രാവിലെതന്നെയെത്തി. പ്രത്യേകമായ അനുമതി വാങ്ങിയാണ് അവൻ അകത്തുകടന്നത്. വെറും തറയിൽ ജയിൽവേഷത്തിൽ ചുരുണ്ടുകൂടിക്കിടക്കുകയായിരുന്നു, അയാൾ. പ്രത്യേകതകളുള്ള മനോരോഗമായിരുന്നു ജോസിന്റേത്. രോഗമില്ലാത്തപ്പോൾ നല്ല സ്വഭാവവും നല്ല പെരുമാറ്റരീതികളുമാണയാളുടേത്. എന്തിനിയാളെയിങ്ങനെ തടവിട്ടിരിക്കുന്നുവെന്നു തോന്നിപ്പോകും.

“പപ്പാ... പപ്പാ...” സെല്ലിനു പുറത്ത് അഴികളിൽ കൈപിടിച്ചുനിന്ന് ടോണി വിളിച്ചു. ജോസ്, തറയിൽ ചുരുണ്ടുകൂടിക്കിടക്കുകയായിരുന്നു.

“പപ്പാ...’’ ടോണി വീണ്ടും വിളിച്ചു. മകന്റെ ശബ്ദം അയാൾ തിരിച്ചറിഞ്ഞു. വെപ്രാളത്തോടെ പിടഞ്ഞെഴുന്നേറ്റു. പിന്നെ വേച്ചുവേച്ച് മകന്റെ മുമ്പിലേക്കു വന്നു. ജോസ് തീർത്തും അവശനായി കാണപ്പെട്ടു.

“എടാ... അവന്റെ... അവന്റെയടക്കു കഴിഞ്ഞോ? ജോസ് പരിഭ്രാന്തനെപ്പോലെ ചോദിച്ചു.

എന്തു പറയണമെന്നറിയാതെ ടോണി പതറി. മരിച്ചിട്ടില്ലെന്നു പറഞ്ഞാൽ പപ്പാ എങ്ങനെ റിയാക്ട് ചെയ്യുമെന്നറിയില്ല.

“കഴിഞ്ഞു പപ്പാ.” ടോണി പറഞ്ഞു.

“എന്റെ ജീനാമോളെ കൊന്നവനെ ഞാൻ കൊന്നു. പോലീസ് എന്നെപ്പിടിച്ചു ജയിലിലിട്ടിരിക്കുകാടാ. എനിക്കിതു സന്തോഷാ. കുറച്ചുദിവസം കഴിയുമ്പം പോലീസുകാരെന്നെ തൂക്കിക്കൊല്ലുവാരിക്കും. നീയൊട്ടും വെഷമിക്കണ്ട. പപ്പാ ജീനാമോളുടെയടുത്തു പോയീന്നു കരുതിയാ മതി. ഇട്ടു നരകിപ്പിക്കാതെ പെട്ടെന്നവരെന്നെ തൂക്കിക്കൊന്നാ മതിയാരുന്നു. ഞാനില്ലാത്താടാ നമ്മുടെ കുടുംബത്തിനു നല്ലത്. നെനക്ക് ഒരു കല്യാണമൊക്കെ കഴിക്കണ്ടെ?’”

‘‘പപ്പാ,.. എന്റെ പൊന്നുപപ്പാ...” ടോണിയതുകേട്ട് വിങ്ങിപ്പൊട്ടി.

“കരയാതെ മോനെ. കരയാതെ, ഭ്രാന്ത് വല്ലാത്ത രോഗമാടാ. ക്യാൻസറിനെക്കാളും ഭയങ്കരമാ. നീയെനിക്കുവേണ്ടി കേസൊന്നും നടത്തണ്ട. ഞാൻ കുറ്റം ചെയ്തതല്ലേ? ശിക്ഷ അനുഭവിക്കണം. പൊയ്ക്കോ. കാണാനൊന്നും ഇനി വരണ്ട.”

റോണി അഴികൾക്കിടയിലൂടെ പപ്പായുടെ കൈപിടിച്ചു. പിന്നെ തുരുതുരെ ഉമ്മവച്ചു. മകന്റെ സ്നേഹത്തിൽ ജോസിന്റെ കണ്ണുകളും നിറഞ്ഞുവന്നു.

തകർന്ന മനസ്സോടെയാണ് ടോണി പപ്പായുടെയടുത്തുനിന്നു പിന്തിരിഞ്ഞത്. അവൻ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. വിജയാനന്ദിനെ കാണാനായി പോയി. ഒരു മണിക്കൂറോളം കാത്തുനിന്നിട്ടാണ് അദ്ദേഹത്തെ കാണാനായത്. ജോസിന്റെ ചികിത്സയിൽ കൂടുതൽ താത്പര്യം ഡോക്ടർ വിജയാനന്ദ് കാണിച്ചിരുന്നു.

‘‘ഡോക്ടർ, പപ്പാ ആകെ ക്ഷീണിച്ചിരിക്കുന്നല്ലോ.” ടോണി പറഞ്ഞു.

‘‘ജോസ് തിരിച്ചുവന്നതുമുതൽ ഭക്ഷണമൊന്നും കഴിക്കുന്നില്ല. മരുന്നുകളോടും നെഗറ്റീവ് റിയാക്ഷനാണ്. അയാൾ വെട്ടുകൊടുത്ത മാത്തുക്കുട്ടി മരിച്ചുപോയെന്നാണു വിശ്വാസം. ജോസിപ്പോൾ ഒരു മനോരോഗി മാത്രമല്ല. കുറ്റവാളിയുമാണ്. പോലീസ് കസ്റ്റഡിയിൽ ഇവിടെ കഴിയുന്നുവെന്നേയുള്ളൂ.” ഡോക്ടർ വിജയാനന്ദ് പറഞ്ഞു.

“മനോരോഗിയായതുകൊണ്ട് പോലീസ് നടപടികൾ ഒഴിവാകില്ലേ, ഡോക്ടർ?”

“നടപടികൾ ഒന്നും ഒഴിവാകുന്നില്ല. ജോസിന്റെ പേരിൽ കേസെടുത്തുകഴിഞ്ഞു. ജയിലിൽ റിമാൻഡു ചെയ്യുന്നതിനുപകരം മനോരോഗിയാണെന്ന കൺസഷനിൽ മെന്റൽ ഹോസ്പിറ്റലിലെ സെല്ലിലാക്കിയിരിക്കുന്നുവെന്നേയുള്ളൂ.”

“പപ്പായ്ക്കു ശിക്ഷയൊന്നും കിട്ടില്ലായിരിക്കും. അല്ലേ, ഡോക്ടർ?”

‘‘അങ്ങനെയൊന്നും താൻ പേടിക്കാനില്ല. പിന്നെ ജോസ് ആക്രമിച്ച മാത്തുക്കുട്ടി മരിച്ചുപോയെന്നാണ് വിശ്വാസം. അതു തത്കാലം തിരുത്താനൊന്നും പോകണ്ട.”

“സെല്ലിൽ വളരെ ദയനീയ അവസ്ഥയാണല്ലോ ഡോക്ടർ?”

“കുറ്റവാളികൂടിയായതുകൊണ്ടാണ്. മെച്ചപ്പെടുത്താം.’’ ഡോക്ടർ വിജയാനന്ദ് പറഞ്ഞു. ടോണി പോകാനെഴുന്നേറ്റു.

(തുടരും)

ബാലനോവൽ 11

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

**“ഇ**നി എന്റെ ലക്ഷ്യം നേടാനുള്ള വഴി കണ്ടെത്താതെ പൊന്നിവനത്തിലേക്കു ഞാൻ പോകുന്നില്ല.”

“കാട് വിട്ടു വന്നതോ? എന്തിന്...? എന്താണു ലക്ഷ്യം?” കീരയ്ക്കു സംശയമായി.

“അതൊരു നീണ്ടകഥയാണ്. ഞാൻ പിന്നെ പറയാം.” അത്രയും പറഞ്ഞിട്ട് ഡോസി നോക്കുമ്പോൾ ജിമ്മിയും കൈസറും വരുന്നതാണു കാണുന്നത്.

“നിങ്ങൾ വേഗം പൊയ്ക്കോ. ദേ ആ നായകൾ രണ്ടും വരുന്നുണ്ട്.”

പൂച്ച തിരിഞ്ഞുനോക്കുമ്പോൾ അടുത്തായി നായ നിൽക്കുന്നു.

നായയെ കണ്ടതും കീരയും റായലും ഭയന്നുപോയി. ക്ഷണനേരംകൊണ്ട് ഒറ്റയോട്ടമായിരുന്നു കീരയും റായലും. പിന്നാലെ ഓടിയ ജിമ്മിക്കും കൈസറിനും അധികം ഓടാൻ പറ്റിയില്ല. വയറു നിറഞ്ഞിരിക്കുന്നതു കാരണം കുറച്ച് ഓടിയപ്പോൾ തന്നെ നായകൾ രണ്ടും തളർന്നുപോയി.

“അയ്യോ വയ്യ... ഇനി ഓടാൻ വയ്യ .” കൈസർ കിതച്ചുകൊണ്ടു പറഞ്ഞു.

“ആ പൂച്ചയെ നമ്മുടെ കയ്യിൽ ഇനിയും കിട്ടും. അന്ന് അതിന്റെ കഥ ഞാൻ കഴിക്കും.” ജിമ്മി ദേഷ്യത്തിൽ പറഞ്ഞു.

“ജിമ്മീ, അത് ഇവിടെ താമസിച്ചിരുന്ന കീരയാണ്.”

“ഏത്, യജമാനൻകൊണ്ടുകളഞ്ഞപൂച്ചയോ?”

“അതെ അവൾതന്നെ.”

“നിനക്ക് ഉറപ്പാണോ?”

“അതെ.”

“‘അവൾ എന്തിനാണ് ഇങ്ങോട്ടു വീണ്ടും വന്നത്?”

“അറിയില്ല. നമുക്ക് കീര വന്ന കാര്യം യജമാനോടു പറയണ്ടേ.”

“വേണം.. നമ്മളോടു കുറച്ചു സ്നേഹം യജമാനനു കൂടുകയും ചെയ്യും.”

“എന്നാൽ ആദ്യം നമുക്ക് ആ കഴുതയെ ഒന്നു കാണാം. അവന്റെ അടുത്താണല്ലോ കീര നിന്നിരുന്നത്. കൂടെ ഒരു തേളും.”

“ശരിയാണ്. അവർ വന്നതിനെപ്പറ്റി എന്തെങ്കിലും അവന് അറിയാമെങ്കിലോ.”

ജിമ്മിയും കൈസറും കൂടി ഡോസിയുടെ അടുത്തേക്കു ചെന്നു. എന്നാൽ, ഡോസി നായകൾ വരുന്നതും കാത്തിരിക്കുകയായിരുന്നു. അവന് ഉറപ്പായിരുന്നു, കാര്യങ്ങൾ തിരക്കാൻ രണ്ടു പട്ടിച്ചേട്ടന്മാരും വരുമെന്ന്. പട്ടികൾ അടുത്തെത്തിക്കഴിഞ്ഞപ്പോൾ ഡോസി പറഞ്ഞു തുടങ്ങി:

“ഹോ! എന്തൊരു ശല്യമാണ് ആ പൂച്ച. അത് എവിടെനിന്നു വന്നതാ യജമാനെ.”

കഴുതയുടെ ചോദ്യം കേട്ടതും നായകൾ എന്തു പറയണമെന്നറിയാതെ കുഴഞ്ഞു... കഴുത പറഞ്ഞുതുടങ്ങി:

“ഒന്നുറങ്ങി വന്നതായിരുന്നു. ആ പൂച്ച കാരണം ഉറക്കം പോയി.”

“ഡോസീ നീ ഒന്നു ക്ഷമിക്ക്. ആ പൂച്ചയെവിടെനിന്നു വന്നതാന്ന് ഞങ്ങൾക്കും അറിയില്ല. ഇനി വന്നാൽ അതിന്റെ കഥ ഞങ്ങൾ കഴിക്കും. ഇനി നിന്നെ പൂച്ച ശല്യപ്പെടുത്താൻ വരില്ല.” ജിമ്മി ഉറപ്പു നൽകി.

അതു കേട്ടതും ഡോസി മുഖത്തു സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു.

“യജമാനേ എനിക്കു വീണ്ടും നന്നായി വിശക്കുന്നു.”


‘‘ആണോ. നീ നിൽക്ക്. ആഹാരം ഞങ്ങൾ ഇപ്പോൾ കൊണ്ടുത്തരാം.”

“നന്ദിയുണ്ട് യജമാൻ.”

“ശരി.. ശരി.. പിന്നെ നിനക്കു ഭാരമൊക്കെ ചുമന്നു ശീലമുണ്ടോ?”

“ഇല്ല. പക്ഷേ പഠിക്കാം.”

“മിടുക്കൻ. വേഗം പഠിക്കണം. നിന്നെ ചിലപ്പോൾ നാളെ മുതൽ സാധനമെടുക്കാൻ കൊണ്ടുപോകുമെന്നു തോന്നുന്നു.” കൈസർ പറഞ്ഞു.



അതുകേട്ടതും ഡോസി ഞെട്ടി. വന്നിട്ട് ഒരു ദിവസംപോലും തികഞ്ഞില്ല. ഇത്ര പെട്ടെന്ന് തന്നെ പുറത്തിറക്കുമെന്നു ഡോസി ചിന്തിച്ചില്ല. അവൻ മുഖത്തു വിഷമം നിറച്ചുകൊണ്ട് ചോദിച്ചു: “ഇത്ര വേഗമോ?”

‘‘അതേ. പക്ഷേ, സാരമില്ല. ഭാരം പുറത്തേക്കുവെക്കുമ്പോൾ കൂടുതൽ ആവേശത്തോടെ നിൽക്കണം. അങ്ങനെ ആവേശമുള്ളവരെ യജമാനനു വലിയ ഇഷ്ടമാണ്. മടി കാണിക്കുന്നവരെ ഒട്ടും ഇഷ്ടവുമല്ല. അവരെക്കൊണ്ട് ഒരുപാട് ജോലികൾ ചെയ്യിക്കും. ഞാൻ പറഞ്ഞുവന്നത്, നിനക്കു ഷീണമൊക്കെ കാണും. അതൊന്നും പ്രകടിപ്പിക്കാതെ ചുറുചുറുക്കോടെ നിന്നാൽ പിന്നീട് നിന്നെ അധികം ഭാരം ചുമക്കാൻ സമ്മതിക്കില്ല. അതാണ് ഇവിടുത്തെ യജമാനന്റെ ശീലം.”

ജിമ്മി പറഞ്ഞതു കേട്ടപ്പോൾ സത്യത്തിൽ ഡോസിക്ക് രണ്ടു നായകളോടും സ്നേഹം തോന്നി. ശരിക്കും ജിമ്മിയും കൈസറും പാവങ്ങളാണെന്നു തോന്നിപ്പോയി. അല്ലെങ്കിൽ എന്തിനാണ് ഇപ്പോൾ ഇത്രയും വലിയ കാര്യം പട്ടികൾ പറഞ്ഞത്.

ഡോസി ഓർത്തു.

‘‘അപ്പോൾ നീ വിശ്രമിക്ക്. ആഹാരം ഇപ്പോൾ കൊണ്ടുത്തരാം.”

അവർ പോയപ്പോൾ ഡോസി ആലോചിച്ചു. സത്യത്തിൽ തന്റെ ദേഹമെല്ലാം നല്ല വേദനയാണ്. കുഴിയിൽ വീണതല്ലേ. രണ്ടു ദിവസമെങ്കിലും വിശ്രമിച്ചാലേ എല്ലാം ഒന്നു നേരേയാകൂ. പക്ഷേ, നാളെ മുതൽ ജോലി ചെയ്യണമല്ലോ. ആ നായകൾ പറഞ്ഞതുപോലെ നിന്നുനോക്കാം. പറഞ്ഞതു ശരിയാണേൽ തുടക്കത്തിലെ ബുദ്ധിമുട്ടു മാത്രമേ കാണൂ. ഡോസി എന്തൊക്കെയോ പദ്ധതികൾ മെനഞ്ഞുതുടങ്ങി. അപ്പോഴേക്കും യജമാനനോടു പൂച്ചയുടെ കാര്യം നായകൾ പറയാൻ മറന്നുപോയിരുന്നു. ആ രാത്രി ഡോസിയുറങ്ങിയില്ല. അടുത്തദിവസം എന്തൊക്കെയാകും സംഭവിക്കുക എന്നോർത്തു കിടന്നു. നല്ല നിലാവുള്ള രാത്രിയായിരുന്നു അത്. ഏറെ നേരമായിട്ടും ജിമ്മിയും കൈസറും വീടിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്.

“നാളെ എന്തു സംഭവിച്ചാലും നേരിടണം. വെറുതെ പേടിച്ചിരുന്നിട്ട് എന്താണു കാര്യം?”

ഡോസി ചിന്തിച്ചു. മനസ്സിലെ ഭയത്തെ ഡോസി ഇല്ലാതാക്കുവാൻ ശ്രമിക്കുകയാണ്. അങ്ങനെ സ്വയം ഓരോന്നും പറഞ്ഞിരിക്കുമ്പോൾ കീര അവിടേക്ക് എത്തി.

“ഡോസീ..” കീരയുടെ വിളി കേട്ടതും ഡോസി അവളെ നോക്കി.

“കീരാ... ആ പട്ടികൾ കറങ്ങി നടക്കുന്നുണ്ട്. നിന്നെ കണ്ടാൽ കുഴപ്പമാണ്.”

“അറിയാം. ഞാൻ വന്നത് ഒരു പ്രധാന കാര്യം പറയാനാണ്.”

“വേഗം പറ.” ഡോസി ആരേലും വരുന്നുണ്ടോ എന്നു ചുറ്റും നോക്കിക്കൊണ്ടു പറഞ്ഞു.

‘സാധാരണ ജോലി നന്നായി ചെയ്യാതെ അലസമായി നടന്നാൽ നമ്മളെ എവിടേലും കൊണ്ടക്കളയും. പക്ഷേ, ഇവിടെ അങ്ങനെയല്ല. ജോലി ചെയ്യാൻ മടി കാണിച്ചാൽ, ജോലി ചെയ്യും വരെ തല്ലും. എന്നാൽ, നന്നായി ജോലി ചെയ്യുന്നവരെക്കൊണ്ട് കൂടുതൽ ജോലിയൊന്നും ചെയ്യിക്കില്ല. ഇവിടെ നേരത്തേ വന്നവരെല്ലാം ചിന്തിച്ചത്. ഒന്നും ചെയ്യാതെയിരുന്നാൽ എവിടേലും കൊണ്ടക്കളയുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമാണ്.’’ കീര പറഞ്ഞതു കേട്ടയുടനെ ഡോസി പറഞ്ഞു.

“എനിക്കറിയാം കീരാ. ആ നായകൾ പറഞ്ഞു. ഞാൻ അത് തന്നെയോർത്തിരിക്കുകയാണ്.”

‘‘ആണോ. അവർ അതൊക്കെ നിനക്കു പറഞ്ഞുതന്നോ? നല്ല അടുപ്പം തോന്നാതെ അങ്ങനെയുള്ള കാര്യങ്ങൾ അവർ ആർക്കും പറഞ്ഞുകൊടുക്കില്ലല്ലോ.”

“ഞങ്ങൾ ഇപ്പോൾ നല്ല അടുപ്പമാണ്. എല്ലാം ഒരു സൂത്രമാണ് കീരാ.”

“നിന്റെ ബുദ്ധിയിൽ എനിക്ക് ഒരു സംശയവുമില്ല. നാളത്തെ പ്രശ്നത്തിന് നമുക്ക് ഒരു പരിഹാരമുണ്ട്.”

“എന്താണ്?”

‘‘ഞാൻ പറയുന്നപോലെ ചെയ്യണം.” പൂച്ച ഡോസിയുടെ കാതിൽ എന്തോ രഹസ്യം പറഞ്ഞു. അതു കേട്ടതും ഡോസി തലയാട്ടി. അത്രയും പറഞ്ഞുകൊണ്ട് കീര അവിടെനിന്നും മടങ്ങി. അടുത്ത ദിവസം രാവിലെതന്നെ ഡോസിയുടെ അടുത്തേക്ക് ഒരാളെത്തി. അത് ഗ്രാമത്തലവനാണ്. തലയിൽ തൊപ്പിയും വെളുത്ത വസ്ത്രവും കയ്യിലും കഴുത്തിലും ആഭരണങ്ങളുമുള്ള ഗ്രാമത്തലവൻ. അയാൾ കൂടിന്റെ അടുത്തെത്തി. കൈയിലുണ്ടായിരുന്ന വടികൊണ്ട് കൂടിന്റെ അഴികളിൽ തട്ടി.

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# മൗതികം

ആവശ്യാനുസരണം പദങ്ങൾ സൃഷ്ടിക്കുന്ന പതിവ് ഓരോ ഭാഷയിലുമുണ്ട്. അത്തരം വാക്കുകൾ വേഗം തന്നെ നിഘണ്ടുക്കളിൽ കയറിക്കൂടണമെന്നില്ല. നിഘണ്ടുകർത്താക്കൾ ഇതുവരെ പരിഗണിച്ചിട്ടില്ലാത്ത ഒരു നിർമ്മിതിയാണ് മൗതികം. ക്രൈസ്തവവിശ്വാസത്തോടു ബന്ധപ്പെടുത്തി രൂപപ്പെടുത്തിയ വാക്കാണിത്. സഭ ക്രിസ്തുവിന്റെ മൗതികശരീരം എന്നാണല്ലോ ക്രൈസ്തവർ വിശ്വസിക്കുന്നത്. ഈ ആശയം വി. പൗലോസിന്റെ ലേഖനങ്ങളിൽനിന്നുണ്ടായതാണ്.

ഗ്രീക്കുഭാഷയിലെ മിസ്തിക്കോസ്, ലത്തീനിലെ മിസ്തിക്കൂസ് എന്നീ ശബ്ദങ്ങളോടു ബന്ധപ്പെടുത്തിയാണ് മൗതികം എന്ന പദത്തെ നിഷ്പാദിപ്പിച്ചത്. രഹസ്യങ്ങളെ സംബന്ധിച്ച എന്നാണ് രണ്ടിന്റെയും അർഥം. അവയിൽ മിസ്തിക്കൂസ് എന്ന വിശേഷണപദത്തിനു പകരമായി നിർമ്മിച്ച പദമാണ് മൗതികം എന്നും രഹസ്യാത്മകമായ എന്നുമാണ് അതിന്റെ അർഥമെന്നും ക്രൈസ്തവശബ്ദകോശകാരനായ ഡോ. ജോർജ് കുരുക്കൂർ രേഖപ്പെടുത്തിയിട്ടുണ്ട്.[1] കണ്ണടയ്ക്കുക എന്നർഥമുള്ള, സംസ്കൃതത്തിലെ മീല് ധാതുവുമായും മൗതികത്തെ ബന്ധിപ്പിക്കാമെന്നും കുരുക്കൂർ അഭിപ്രായപ്പെടുന്നു.

മിയേയിൽ (കണ്ണടയ്ക്കുക) ഗ്രീക്കുധാതുവുമായി ബന്ധമുള്ള ‘മിസ്തേരിയോണി’ന് മനുഷ്യബുദ്ധികൊണ്ടു കണ്ടെത്താനാവാത്ത കാര്യം എന്നാണു വിവക്ഷിതം. നേർക്കാഴ്ചയ്ക്കപ്പുറം ‘ഹൃദയംകൊണ്ടുള്ള കാണലും അനുഭവിക്കലും’ അതിലുണ്ട്. പഞ്ചേന്ദ്രിയാതീതമായ ഒരു തരം യോഗാത്മകാനുഭൂതിയാണത്. യുക്തിബോധത്തിന് അവ്യാഖ്യേയമായ അതീന്ദ്രിയാനുഭൂതി എന്നും പറയാം. മിസ്റ്റിക് അനുഭവം എന്നും വിശേഷിപ്പിക്കാറുണ്ട്.[2] വിശ്വാസത്തിന്റെ ആത്മാവുമായി സാത്മീഭവിക്കുന്ന പ്രണതഭക്തർക്കു മാത്രമേ അതീന്ദ്രിയ ലോകത്ത് എത്തിപ്പെടാനാവൂ. സാങ്കല്പികസദാശരീരം രഹസ്യത്മകവുമാണല്ലോ. ഇത്തരം ചിന്താപദ്ധതിയുടെ സാകല്യം എന്ന നിലയിലാവണം മൗതികം എന്ന നൂതനപദത്തെ സഭാപണ്ഡിതന്മാർ നിർമ്മിച്ചെടുത്തത്. നിഘണ്ടുക്കൾ പരിഷ്കരിക്കുന്ന സമയത്ത് മൗതികത്തെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

1. ജോർജ്, കുരുക്കൂർ, ഡോ., ക്രൈസ്തവശബ്ദകോശം, പി.ഒ.സി. പ്രസിദ്ധീകരണം, കൊച്ചി, 2002, പുറം –207.

2. വേലായുധൻപിള്ള, പി. വി. ഡോ., നിരൂപണസാഹ്യം, എൻ.ബി.എസ്. കോട്ടയം, 1983, പുറം – 114, 115.

# നീതി കൂടാതെ സമാധാനം ഉണ്ടാവില്ല: ലെയോ പാപ്പാ



**വത്തിക്കാൻസിറ്റി:** ലോകരാജ്യങ്ങളുടെ നേതാക്കൾ പാവങ്ങളുടെ കരച്ചിൽ കേൾക്കണമെന്നും നീതി കൂടാതെ സമാധാനമുണ്ടാകില്ലെന്നാണ് അവരുടെ നിലവിളി ഓർമിപ്പിക്കുന്നതെന്നും ലെയോ പതിന്നാലാമൻ പാപ്പാ. പാവങ്ങളുടെ ലോകദിനത്തോടനുബന്ധിച്ച് വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ വിശുദ്ധകുർബാനമധ്യേ സുവിശേഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വിശുദ്ധകുർബാനയ്ക്കുമുമ്പ് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തിങ്ങിക്കൂടിയ തീർഥാടകസഹസ്രങ്ങളെ മാർപാപ്പാ അഭിവാദ്യം ചെയ്തു.

തന്റെ ദിലെക്സി തെ എന്ന ശ്ലൈഹികപ്രബോധനത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് സഭ പാവങ്ങളുടെ അമ്മയാണെന്നും സകലരെയും സ്വാഗതം ചെയ്യുന്ന സഭയിൽ പാവങ്ങൾക്കു പ്രത്യേക സ്ഥാനമുണ്ടെന്നും പാപ്പാ പറഞ്ഞു. നമ്മുടെ ഈ ലോകത്തെ ദാരിദ്ര്യത്തിന്റെ വിവിധ ഭാവങ്ങൾ ഭാരപ്പെടുത്തുന്നുണ്ട്. ഭൗതികവസ്തുക്കളുടെ കുറവു മാത്രമല്ല ദാരിദ്ര്യം. ധാർമികവും ആത്മീയവുമായ ദാരിദ്ര്യമുണ്ട്. യുവജനങ്ങളുടെ കാര്യത്തിൽ ഇത്തരം ദാരിദ്ര്യം കൂടുതൽ പ്രകടമാണ്. അനേകംപേർ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ പ്രശ്നം പരിഹരിക്കാൻ അപരനെ ശ്രദ്ധിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കണം. അങ്ങനെ ഒറ്റപ്പെടലിന്റെ ചുമരുകൾ തകർക്കാൻ സാധിക്കും. മറ്റുള്ളവരെ ശ്രദ്ധിച്ചുകൊണ്ട് ഓരോരുത്തരും ആയിരിക്കുന്ന ഇടങ്ങളിൽ ദൈവത്തിന്റെ കാരുണ്യം പങ്കുവയ്ക്കുന്നവരാകണം ക്രൈസ്തവരെന്നു മാർപാപ്പ ഓർമിപ്പിച്ചു.

മനുഷ്യവംശത്തെ നിസ്സഹായാവസ്ഥയിലാക്കുന്നവിധത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധസാഹചര്യം നിലനിൽക്കുന്നതായി മാർപാപ്പ പറഞ്ഞു. ഈ അവസ്ഥയെ ദാരിദ്ര്യത്തിന്റെ അനിവാര്യതയായി കാണുമ്പോൾ, ഇത്തരം ഘട്ടങ്ങളിലാണ് ചരിത്രത്തിന്റെ നാഥനായ കർത്താവ് രക്ഷിക്കാനായി എത്തുന്നതെന്ന് സുവിശേഷം ഓർമിപ്പിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. പരസ്നേഹപ്രവർത്തനങ്ങളിൽ സംതൃപ്തരായി കഴിയുന്ന എല്ലാവരെയും പ്രത്യേകിച്ച് വോളണ്ടിയർമാരെ മാർപാപ്പാ നന്ദിപൂർവം അനുസ്മരിച്ചു. പാവങ്ങളോടു സഭയ്ക്കുള്ള ഐക്യദാർഢ്യവും മാർപാപ്പാ പ്രഖ്യാപിച്ചു. സകലരുടെയും സാഹോദര്യവും മാഹാത്മ്യവും അംഗീകരിക്കപ്പെടുന്ന കൂട്ടായ്മയുടെ ഒരന്തരീക്ഷം സംജാതമാക്കിക്കൊണ്ട് ദൈവരാജ്യം സാക്ഷാത്കരിക്കാൻ അദ്ദേഹം എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്തു.

## ലഹരിവിരുദ്ധപ്രവർത്തനം ഊർജിതമാക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്




പാലാ: ലഹരിവിരുദ്ധപ്രവർത്തനം ഊർജിതമാക്കണമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. സാമൂഹികവിപത്തുകളെ വാരിവിതയ്ക്കുന്ന ലഹരിവിപത്തിന് തടയിടേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നു ബിഷപ് പറഞ്ഞു. ലഹരിവിപത്തിനെതിരേ പാലാ രൂപതയിലെ 300 കോൺവെന്റുകളിൽനിന്നുള്ള സിസ്റ്റേഴ്സിന്റെ ഏകദിനസംഗമം അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്.

രൂപത പ്രസിഡന്റും സംസ്ഥാനസെക്രട്ടറിയുമായ പ്രസാദ് കുരുവിള അധ്യക്ഷത വഹിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അഡ്വ. ചാർളിപോൾ, എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

പ്രാദേശികഇടവകാതിർത്തിക്കുള്ളിൽ ലഹരിവിരുദ്ധപ്രവർത്തനം ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് സിസ്റ്റേഴ്സിന്റെ സഹകരണം ഏർപ്പെടുത്തുന്നത്. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി രൂപതയിലെ ജനപ്രതിനിധികൾ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, പിടിഎ പ്രസിഡന്റുമാർ, ഇടവകപ്രതിനിധികൾ എന്നിവരുടെയും വിശേഷാൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചതിനു തുടർച്ചയായാണ് രൂപതയിലെ സിസ്റ്റേഴ്സിന്റെ സംഗമം സംഘടിപ്പിച്ചത്. രൂപത കെസിബിസി മദ്യവിരുദ്ധസമിതി പരിപാടികൾക്കു നേതൃത്വം നൽകി.

രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമാപനസന്ദേശം നൽകി. ആന്റണി മാത്യു, സാബു എബ്രഹാം, ജോസ് കവിയിൽ, അലക്സ് കെ. ഇമ്മാനുവൽ, ടിന്റു അലക്സ് എന്നിവർ പ്രസംഗിച്ചു.

# യുവജനങ്ങൾ കത്തിജ്ജ്വലിക്കുന്ന വിളക്കുകൾ: മാർ ജോസഫ് കല്ലറങ്ങാട്ട്

**കുറവിലങ്ങാട്:** യുവജനങ്ങൾ കത്തിജ്ജ്വലിക്കുന്ന വിളക്കുകളാണെന്നും സമൂഹം ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നതു യുവജനങ്ങളെയാണെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർഥാടനഇടവകയിലെ എസ്എംവൈഎം യൂണിറ്റ് സുവർണ ജൂബിലി ആഘോഷസമാപനത്തോടനുബന്ധിച്ചുള്ള കുറവിലങ്ങാട് യുവജനമഹാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

യുവജനങ്ങൾ പ്രബോധകരാകണം. നാടിന്റെ പരിശുദ്ധമായ ചരിത്രം കൊണ്ടുനടക്കാൻ യുവജനങ്ങൾക്കു കഴിയണം. സമുദായത്തെ സഭയിൽനിന്നു മാറ്റിനിറുത്തരുതെന്നും സമുദായശക്തീകരണത്തിനായി മുന്നിട്ടിറങ്ങണമെന്നും മാർ കല്ലറങ്ങാട്ട് ഓർമിപ്പിച്ചു.

എസ്എംവൈഎം യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ തോമസ് അധ്യക്ഷത വഹിച്ചു. സമുദായശക്തീകരണപദ്ധതികൾ സീനിയർ അസി. വികാരി ഫാ. ജോസഫ് മണിയഞ്ചിറ വിശദീകരിച്ചു. ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി, എസ്എംവൈഎം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ, രൂപത പ്രസിഡന്റ് ആൽവിൻ സോണി, ഇടവക കുടുംബക്കൂട്ടായ്മ ജനറൽ ലീഡർ ബോബിച്ചൻ നിധീരി, എസ്എംവൈഎം യൂണിറ്റ് പ്രസിഡന്റ് അമല കോച്ചേരി എന്നിവർ പ്രസംഗിച്ചു.

യൂണിറ്റ് ജോയിന്റ് ഡയറക്ടർ സിസ്റ്റർ വന്ദന, ഭാരവാഹികളായ നേഹ ലിജു, എബിൻ സജി, സോൺതല ചുമതലക്കാരായ ജയൻ ബാബു, ഷിബി ഷാജി, ലൂസി തോമസ്, അജിൻ ജോയി, അലീന ബിജു, അലൻ ജോബ് കോച്ചേരി, ആൻ എലിസബത്ത് ഷാജി എന്നിവർ സംഗമത്തിനു നേതൃത്വം നൽകി. ഇടവകയുടെ യുവശക്തി വിളിച്ചറിയിച്ച സമ്മേളനം സംഘാടകമികവിലും പങ്കാളിത്തത്തിലും ശ്രദ്ധ നേടി. വിവിധ ഘട്ടങ്ങളിലായി നടത്തിയ ഒരുക്കങ്ങളെത്തുടർന്നുള്ള മഹാസംഗമത്തിൽ 1200 ഓളം യുവജനങ്ങൾ പങ്കെടുത്തു.

# സിനിമ മനുഷ്യന്റെ പ്രത്യാശയെ ചലനാത്മകമാക്കുന്നു: ലെയോ പാപ്പാ

സിനിമ മനുഷ്യന്റെ പ്രത്യാശയെ ചലനാത്മകമാക്കുന്നുവെന്ന് ലെയോ പതിന്നാലാമൻ പാപ്പാ. 2025 പ്രത്യാശയുടെ ജൂബിലിവർഷത്തോടനുബന്ധിച്ച് വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ സിനിമാലോകത്തെ പ്രതിനിധികളെ അഭിസംബോധന ചെയ്യുകയായിരുന്നു പാപ്പാ.



1895 ഡിസംബർ 28 ന് പാരീസിൽ ലൂമിയർ സഹോദരങ്ങൾ ആദ്യമായി സിനിമ പൊതുപ്രദർശനം നടത്തിയതിന്റെ 130-ാം വാർഷികം പ്രമാണിച്ചുകൂടിയായിരുന്നു, ആഗോളതലത്തിൽ സിനിമാലോകത്ത് പ്രവർത്തിക്കുന്നവരുമായി മാർപാപ്പാ കൂടിക്കാഴ്ച നടത്തിയത്.

സിനിമ വെറുമൊരു വിനോദോപാധി മാത്രമല്ലെന്നും മനുഷ്യന്റെ ആത്മീയസാഹസികതയുമായി അനുസ്യൂതം അതു ബന്ധപ്പെട്ടിരിക്കുന്നുവെന്നും മാർപാപ്പാ പറഞ്ഞു. സിനിമയുടെ ഏറ്റവും വിലയേറിയ സംഭാവനകളിലൊന്ന് പ്രേക്ഷകനെ തന്നിലേക്കുതന്നെ മടങ്ങാൻ സഹായിക്കുക, സ്വന്തം അനുഭവത്തിന്റെ സങ്കീർണതയെ പുതിയ കണ്ണുകളോടെ കാണാൻ സഹായിക്കുക എന്നിവയാണ്.

സിനിമാലോകത്തിനു മനുഷ്യരാശിയുടെ ജീവിതത്തിൽ കൂടുതൽ ആഴത്തിലുള്ള യാഥാർഥ്യങ്ങൾ പ്രകടമാക്കാൻ കഴിഞ്ഞുവെന്നും ജീവിതത്തെക്കുറിച്ചു കൂടുതൽ ധ്യാനിക്കാനും മനസ്സിലാക്കാനും മഹത്ത്വവും ദുർബലതയും തിരിച്ചറിയാനും ഗൃഹാതുരത്വത്തെ വ്യാഖ്യാനിക്കാനും സാധിച്ചുവെന്നും ആമുഖമായി മാർപാപ്പ പറഞ്ഞു.

ഹൃദയത്തിന്റെ ഉള്ളറകളിലേക്കു മനുഷ്യനെ പ്രവേശിപ്പിക്കാൻ സിനിമ എന്ന കല വളരെ വലിയ പങ്കു വഹിക്കുന്നു. സിനിമാശാലകൾ, തിയറ്ററുകൾ തുടങ്ങിയവ നമ്മുടെ പ്രദേശങ്ങളുടെ ഹൃദയമിടിപ്പാണ്. കാരണം, അവ അവയുടെ മാനുഷികവത്കരണത്തിന് സംഭാവന ചെയ്യുന്നു. എന്നാൽ, ഇന്നത്തെ ആധുനിക സംവിധാനങ്ങൾ ജീവിതത്തിൽ സ്വാധീനംചെലുത്തുമ്പോൾ, ആധികാരികമായ സിനിമകൾ നമ്മെ ആശ്വസിപ്പിക്കുക മാത്രമല്ല, വെല്ലുവിളിക്കുകയും ചെയ്യുന്നുവെന്നും മാർപാപ്പാ ചൂണ്ടിക്കാട്ടി.

മികച്ച സിനിമ, വേദനയെ ചൂഷണം ചെയ്യുന്നില്ല. അത് അവയെ അനുഗമിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നുവെന്നു പറഞ്ഞ മാർപാപ്പാ, മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സിനിമകളുടെ ആധികാരികത വീണ്ടെടുക്കാൻ ഏവരെയും ആഹ്വാനം ചെയ്തു. സിനിമയുടെ പിന്നണിയിൽ അറിയപ്പെടാതെ പ്രവർത്തിക്കുന്നവരെക്കുറിച്ചും മാർപാപ്പാ എടുത്തു പറഞ്ഞു. അർഥം തേടുന്നവരുടെ ഭവനമായും സമാധാനത്തിന്റെ ഭാഷയായും സിനിമ എന്നും ഒരു സംഗമസ്ഥലമായിരിക്കട്ടെയെന്നും മാർപാപ്പാ ആശംസിച്ചു. കൂടിക്കാഴ്ചയിൽ പ്രമുഖ ഹോളിവുഡ് താരങ്ങളുൾപ്പെടെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള നടീനടന്മാർ, സംവിധായകർ, നിർമാതാക്കൾ, തിരക്കഥാകൃത്തുക്കൾ തുടങ്ങിയവർ പങ്കെടുത്തു.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 38 Date of Publication 20 November 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org